Shastry II year (IV Sem.)

Paper III Malayalam.

# ദ്രോണപർവ്വം — എഴുത്തച്ഛൻ.

## ഉപന്യാസം തയ്യാറാക്കുക:-

1. യുദ്ധം എപ്പോഴും സ്വസഹോദരങ്ങളോട് തന്നെയാണ്.... തീർത്തും നിരർത്ഥകം. നശോന്മുഖം. 'ദ്രോണപർവ്വ'ത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക:-

2. മലയാളസാഹിത്യത്തിൽ എഴുത്തച്ഛനുള്ള സ്ഥാനം വിശദമാക്കുക:-

3. എഴുത്തച്ഛന്റെ തർജ്ജമകളുടെ സവിശേഷതകൾ വ്യക്തമാക്കുക:-

4. ഈ കാലഘട്ടത്തിൽ എഴുത്തച്ഛന്റെ കൃതികൾക്കുള്ള പ്രസക്തി ചിന്തിക്കുക:-

5. 'ദ്രോണപർവ്വ'ത്തിലൂടെ വ്യക്തമാകുന്ന എഴുത്തച്ഛന്റെ ഈശ്വരസങ്കല്പം ?.

## II കഥാപാത്ര നിരൂപണം നടത്തുക:-

1. ദ്രോണർ
2. കർണ്ണൻ.
3. യുധിഷ്ഠിരൻ.
4. അർജ്ജുനൻ.
5. അഭിമന്യു.

## III ഉപന്യാസം തയ്യാറാക്കുക:-

1. അഭിമന്യുവധം.
2. അർജ്ജുന പ്രതിജ്ഞ
3. ജയദ്രഥവധം.
4. അഭിമന്യുവിന്റെ പരാക്രമം.
5. എഴുത്തച്ഛന്റെ യുദ്ധവർണ്ണനാവൈഭവം.

N:B നമുക്ക് സഹായകഗ്രന്ഥങ്ങളിൽ നിന്നും കൊടുത്തിരിക്കുന്ന ഭാഗങ്ങൾ ഉപയോഗപ്പെടുത്തുക:-

## സഹായകഗ്രന്ഥങ്ങൾ

1. എഴുത്തച്ഛന്റെ കല :
ചില വ്യാസഭാരത പഠനങ്ങളും.
. ശ്രീ പി. കെ. ബാലകൃഷ്ണൻ.

2. മലയാളകവിതാസാഹിത്യചരിത്രം:
ഡോ. എം. ലീലാവതി.

3. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ
പ്രൊഫ. എരുമേലി പരമേശ്വരൻ പിള്ള

പി. കെ. ബാലകൃഷ്ണൻ



# എഴുത്തച്ഛന്റെ കല

## ചില വ്യാസഭാരത പഠനങ്ങളും

# എഴുത്തച്ഛന്റെ സംക്ഷേപണരീതി

പ്രാപഞ്ചികജീവിതത്തിന്റെ വശ്യമായ കേവലനിരർത്ഥകതയെ പ്രപഞ്ചവിശാലമായ ക്യാൻവാസിൽ പകർത്തുന്ന ചിത്രമാണ് സാഹിത്യകൃതിയായ വ്യാസഭാരതമെന്ന് നാം പലവട്ടം പറഞ്ഞുകഴിഞ്ഞു. കവിസങ്കല്പത്തിന്റെ ആ സമഗ്രത മാത്രമല്ല, ആത്യന്തികമായി അതിനുള്ള ഭാവവും വ്യക്തമായിത്തുടങ്ങുന്നത് സൗപ്തികപർവ്വം മുതൽ സ്വർഗാരോഹണപർവ്വം വരെയുള്ള അവസാന ഭാഗങ്ങളിലാണെന്ന വസ്തുതയും നാം നിരീക്ഷിച്ചതാണ്. വ്യാസഭാരതത്തിന്റെ ആകെക്കൂടിയുള്ള ശരീരഘടനതന്നെ ഇങ്ങനെ ഒരാത്യന്തികലക്ഷ്യത്താൽ സ്വരൂപിക്കപ്പെട്ടതാണെന്ന് സാഹിത്യപരമായ കാഴ്ചപ്പാടിൽ തോന്നും. കുരുക്ഷേത്രയുദ്ധം തുടങ്ങുന്നിടംവരെയുള്ള ഭാഗങ്ങൾ 2105 പുറവും (34,650 ശ്ലോകങ്ങൾ) ഭീഷ്മപർവ്വംമുതൽ ശല്യപർവ്വംവരെയുള്ള യുദ്ധവിവരണം 1774 പുറവും (26,294 ശ്ലോകങ്ങൾ) സൗപ്തികംമുതൽ സ്വർഗാരോഹണംവരെയുള്ള പർവ്വങ്ങളെല്ലാംകൂടി 1803 പുറവും (35,116 ശ്ലോകങ്ങൾ) — ഇങ്ങനെ മൂന്നു പതനങ്ങളായി വ്യാസഭാരതത്തെ സാഹിത്യകലാപരമായ കാഴ്ചപ്പാടിൽ തരംതിരിച്ചുകാണാൻ കഴിയും. അതിൽ ആത്യന്തികമായ നിരർത്ഥകത വെളിവാക്കപ്പെടുന്ന അവസാനഘട്ടമാണ് ഭാരതത്തിലെ പരമപ്രധാനമായ ഭാഗമെന്ന നിലപാട് പരമ്പരാഗതമായ ഭക്തിയുടെ ശിക്ഷണമുള്ള ഒരു മനസ്സിന് ശരിവയ്ക്കാൻ കഴിയുമോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ സ്വജനത്തെയാകെ ഹനിച്ച ദുഃഖത്തിൽ മരിച്ചവരെക്കാൾ കഷ്ടമായ മൃതജീവിതം നയിക്കുന്ന യുധിഷ്ഠിരൻ; ഭീമസേനന്റെ പീഡനങ്ങളാലും പുത്രന്മാരെ ഓർത്തുള്ള ദുഃഖത്താലും വനവാസത്തിനു തിരിക്കുന്ന ധൃതരാഷ്ട്രഗാന്ധാരിമാരെ പിന്തുടർന്നു കാട്ടിലേക്ക് തിരിച്ച്, അവരോടൊപ്പം കാട്ടുതീയിൽപ്പെട്ട് വെന്തുമരിക്കുന്ന പാണ്ഡവമാതാവായ കുന്തി; കാട്ടുതീയിൽ വെന്തു ഭസ്മമായ മാതാവിന്റെ ഗതിയോർത്ത് തികഞ്ഞ ജീവിതവിരക്തി വന്ന പാണ്ഡവർ; കുരുക്ഷേത്രത്തിലെ ചെയ്തികളുടെ പേരിൽ പുലഭ്യം പറഞ്ഞു ശണ്ഠകൂടി പരസ്പരം കൊന്ന് നിശ്ശേഷം തുലയുന്ന യാദവന്മാർ — ഇവയെല്ലാറ്റിനുമൊടുവിൽ മകന്റെയും യദുവംശത്തിന്റെയും സമൂലനാശം കണ്ട്, ധൃതരാഷ്ട്രഗാന്ധാരിമാരെക്കാൾ ദയനീയരായി ആലംബമറ്റു കിടന്ന് അന്ത്യശ്വാസം വലിക്കുന്ന വസുദേവദേവകിമാർ — അങ്ങനെ വ്യാസവിരചിതമായ ആ ചിത്രഘട്ടങ്ങളെല്ലാം നിരന്നു പൂർത്തിയാവുമ്പോൾ മനുഷ്യജീവിതത്തെക്കുറിച്ച് അതിൽ വിരിയുന്ന പരമമായ ആശയമെന്തെന്ന കാര്യത്തിൽ മതബാദ്ധ്യതകളുള്ള സാഹിത്യപഠിതാവിനുപോലും സംശയം തോന്നാനിടയില്ല.

ഈ കാഴ്ചപ്പാടിൽ വ്യാസന്റെ നിസ്സംഗത മൗസലപർവ്വത്തിലെത്തിയപ്പോൾ തികഞ്ഞ ക്രൂരതപോലെ നമ്മെ നടുക്കുകതന്നെ ചെയ്യുന്നു. ഈവക കാര്യങ്ങൾ ആവർത്തനത്തിന്റെ കുറ്റമേറ്റുകൊണ്ടുതന്നെ ഇങ്ങനെ പരത്തിപ്പറഞ്ഞ് ഞാൻ വ്യക്തമാക്കാനുദ്ദേശിക്കുന്ന ആശയം, വ്യാസഭാരതത്തിലെ പ്രാപഞ്ചിക ചിത്രത്തിന് രൂപവും ഭാവപൂർത്തിയും നല്കുന്ന പ്രധാന ആശയങ്ങളും സങ്കൽപങ്ങളും എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ടിൽ പകർത്തപ്പെട്ടിട്ടേയില്ല എന്നതാണ്. കുരുവംശകഥ യഥാവിഹിതം സംക്ഷേപിക്കാതെ, ശ്രീകൃഷ്ണഭക്തിയുടെ ഒഴുക്കിലൂടെ ഒഴുകിയ എഴുത്തച്ഛൻ, വ്യാസകഥാപാത്രങ്ങളുടെ നിജസ്ഥിതിയും വിശ്വാസ്യതയും ഒരുവശത്ത് ഉല്ലംഘിച്ചു. മറുവശത്ത് ശ്രീകൃഷ്ണഭക്തിമഗ്നമായ കാഴ്ചപ്പാടിന്റെ പരിമിതമായ കാഴ്ചപ്പാടുമൂലം പ്രാപഞ്ചികജീവിതത്തിന്റെ സമഗ്ര മഹാചിത്രമായ ആ സാഹിത്യകൃതിയെ ആകെ തെറ്റിദ്ധരിപ്പിക്കുമാറ് സങ്കുചിതമാക്കുകയും ചെയ്തു. വരകവിയായ എഴുത്തച്ഛന്റെ കവിതാമൃതമായ ഭാരതം കിളിപ്പാട്ടു മാത്രം വായിച്ച് വർണങ്ങളുടെ ആ ദിവ്യസൗരഭ്യത്തിൽ ലയിക്കുന്നവർ വ്യാസഭാരതത്തിന്റെ സ്വഭാവത്തെപ്പറ്റിയും അതിലെ കഥാപുരുഷന്മാരെപ്പറ്റിയും ഭാരതം കിളിപ്പാട്ടിലെ വിവരങ്ങൾ അവലംബമാക്കി എന്തെങ്കിലും ധാരണകൾ സ്വരൂപിച്ചിട്ടുണ്ടെങ്കിൽ അതത്രയും തെറ്റായിരിക്കും എന്നു മാത്രമാണ് എന്റെ വിവക്ഷ.

ഇരുഭാരതങ്ങളിലെയും കർണകഥാപ്രതിപാദനം താരതമ്യം ചെയ്യാൻ മുതിരുന്നതിനുമുമ്പ്, ആ നടപടിക്കു വേണ്ട അടിസ്ഥാനം കൂടുതൽ ഭദ്രമാക്കാൻവേണ്ടി എഴുത്തച്ഛന്റെ സംക്ഷേപണരീതിയെപ്പറ്റി കാവ്യത്തിനകത്തേക്ക് കടന്നുനിന്നുതന്നെ ചില നിരീക്ഷണങ്ങൾ നടത്തുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു. ഭാരതം കിളിപ്പാട്ടിലെ സഭാപർവ്വം നമുക്ക് മാതൃകയായി സ്വീകരിക്കാം. 37 പുറങ്ങളാണ് അതിന്റെ ദൈർഘ്യം. കിളിമകളെ മയക്കുന്നതിന് പർവ്വാരംഭങ്ങളിലുള്ള സ്തുതിവാക്യങ്ങൾ മുറപോലെ പറഞ്ഞതിനുശേഷം, ഇന്ദ്രപ്രസ്ഥത്തിൽ പാണ്ഡവരുടെ അതിഥിയായി ശ്രീകൃഷ്ണൻ താമസിക്കുന്നുവെന്ന് പ്രസ്താവിച്ചുകൊണ്ട് എഴുത്തച്ഛൻ കഥാവിവരണം തുടങ്ങുന്നു. കഥാവിവരണം തുടങ്ങുന്നുവെന്നു പറഞ്ഞാൽ അത് അത്ര ശരിയല്ല. എന്തെന്നാൽ സംഗതി തുടങ്ങി, തുടങ്ങിയില്ല എന്ന പരുവത്തിൽ കൃഷ്ണനാമത്തെ സന്ധിക്കയാൽ, ഒരു പുറത്തിലധികം ദൈർഘ്യമുള്ള ഒരു ഭഗവൽസ്തുതിയിലേക്ക് ആചാര്യപാദർ വഴുതിവീഴുകയാണ് ചെയ്യുന്നത്. ആ ഭക്തിക്ക് അയവു വന്ന് കഥാവിവരണത്തിലേക്ക് കടന്ന് ഏതാനും പുറങ്ങൾ കഴിയുമ്പോൾ നാരദൻ അവിടെ വരികയും രാജസൂയം എന്ന യജ്ഞം നടത്തണമെന്ന് യുധിഷ്ഠിരനെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ഈ യജ്ഞത്തിനുവേണ്ടി ശ്രീകൃഷ്ണനെ വിവരമറിയിച്ച് താൻ വരുത്തുന്നതാണെന്നുകൂടി പറഞ്ഞുവയ്ക്കുന്ന നാരദൻ, കൃഷ്ണന്റെ പേര് ചുണ്ടിൽനിന്നുമുതിർന്നപാടേ ഒരുപുറം നീളമുള്ള ഒരു ഭഗവൽസ്തുതിയിലേക്ക് വ്യതിചലിക്കുന്നതാണ് നാം കാണുന്നത്. എവിടെയെങ്കിലും അതു നില്ക്കണമല്ലോ. അങ്ങനെ ആ സ്തുതി നിലച്ച് പിന്നെയും മുമ്പോട്ടു നീങ്ങുന്ന കഥാഖ്യാനം നാരദനെ ദ്വാരകയിൽ എത്തിക്കുകയും, അപ്പോഴവിടെ അപരിചിതനായ ഒരു ബ്രാഹ്മണൻ 'കൊണ്ടൽനേർവർണനെ'





കാണാൻ വന്നെത്തുന്ന വിവരം പ്രസ്താവിക്കപ്പെടുകയും ചെയ്യുന്നു. ഉടനെ 'കൊണ്ടൽനേർവർണ്ണനെ കണ്ടവൻ ചൊല്ലിനാൻ' എന്നു തുടങ്ങി വീണ്ടും പ്രവഹിക്കുകയായി. ഏതാണ്ടൊരു പുറം വരുന്ന (28 വരി) ഒരു ശ്രീകൃഷ്ണസ്തുതി.

സഭാപർവ്വത്തിലെ പ്രധാന സംഭവങ്ങളിലൊന്നാണല്ലോ യുധിഷ്ഠിരന്റെ രാജസൂയം. അതിനുള്ള സന്നാഹങ്ങൾ വിവരിക്കുന്ന ഏതാനും പുറങ്ങളിൽ ഏറ്റവും കൂടുതൽ സ്ഥലം കൊടുത്ത് വിവരിക്കപ്പെടുന്നത് ഭീമസേനനോടൊത്ത് ശ്രീകൃഷ്ണൻ സാധിക്കുന്ന ജരാസന്ധവധമാണ്. ജരാസന്ധവധവിവരണത്തിന്റെ സമാപനം, ആ രാജാവു പിടിച്ചുകെട്ടിയിരുന്ന രാജാക്കന്മാരെ കൃഷ്ണൻ മോചിപ്പിക്കുന്നുവെന്ന പ്രസ്താവത്തോടെയാണ്. മോചനം ലഭിച്ച ആ രാജാക്കന്മാരെ വെറുതെ വിടാൻ പക്ഷേ, എഴുത്തച്ഛൻ തയ്യാറല്ല. അവരെ അവിടെ നിറുത്തി അരപ്പേജുവരുന്ന ഒരു ഭഗവൽസ്തുതി ഉരുക്കഴിപ്പിച്ചശേഷം മാത്രമാണ് അവർക്ക് എഴുത്തച്ഛന്റെ ഭാരതത്തിൽ യഥാർത്ഥ മോചനം ലഭിക്കുന്നത്! ഇതേ പർവ്വത്തിൽ, യജ്ഞവേദിക്കു മുമ്പിൽവച്ച് കൃഷ്ണൻ നടത്തുന്ന ശിശുപാലവധം വളരെ വിശദമായി വിവരിക്കുന്ന ആചാര്യപാദർ, അപ്പോൾ കൃഷ്ണൻ പ്രദർശിപ്പിച്ച വിശ്വരൂപം വർണ്ണിക്കാൻ ശരിക്കും അഞ്ചു പുറങ്ങൾ ചെലവഴിച്ചിരിക്കുന്നു. ഇന്ദ്രപ്രസ്ഥത്തിൽ യുധിഷ്ഠിരൻ വാഴ്ചയാരംഭിച്ചതു മുതൽ ചൂതിൽത്തോറ്റ പാണ്ഡവർ വനവാസത്തിനു തിരിക്കുംവരെയുള്ള ഭാരതകഥാഭാഗങ്ങളും ഉപാഖ്യാനങ്ങളും 38 പുറങ്ങളിൽ പുനരാഖ്യാനം ചെയ്യുന്ന കിളിപ്പാട്ടുകർത്താവ്, ഏതാണ്ടിതേ രീതി, തന്റെ പുനരാഖ്യാനകർമ്മത്തിലാകെ അനുവർത്തിച്ചിരിക്കുന്നതായി ക്കാണാം. യുദ്ധപർവ്വം മാത്രമാണ് ഈ രീതിയിൽനിന്ന് കുറെ വ്യത്യസ്തമായിട്ടുള്ളത്.


മലയാളകവിതാ
സാഹിത്യചരിത്രം
ഡോ. എം. ലീലാവതി

# 5.
# ഭക്തിസാഹിത്യം
(കിളിപ്പാട്ട്- തുഞ്ചത്തെഴുത്തച്ഛൻ)

**ആമുഖം:**

സാനന്ദരൂപം സകല പ്രബോധം
ആനന്ദദാനാമൃതപാരിജാതം
മനുഷ്യപത്മേഷു രവിസ്വരൂപം
പ്രണൗമി തുഞ്ചത്തെഴുമാര്യപാദം.

എന്നതുപോലൊരു പ്രാർത്ഥന ഒരു ജനതതിയുടെ ഹൃദയത്തിൽനിന്ന് സ്വയം നിർഗ്ഗളിക്കുക അസാധാരണമായൊരു പ്രതിഭാസമാണ്. മറ്റൊരു കവിക്കും ഇതുപോലൊരു ആദരം കേരളം നല്കിയിട്ടില്ല. ആദ്ധ്യാത്മികാചാര്യന്മാർക്കേ അത്തരം പൂജ ലഭിക്കാറുള്ളൂ. കവികൾ പ്രായേണ ആദ്ധ്യാത്മികാചാര്യന്മാരാകാറില്ല. ആദ്ധ്യാത്മികാചാര്യന്മാർക്ക് കവിത്വമോ കവികൾക്ക് ആദ്ധ്യാത്മികപ്രാഭവമോ ലഭിക്കാറില്ലെന്നില്ല. എന്നാൽ, ഏതെങ്കിലും ഒരു പ്രാഭവം മറ്റേതിനെ അധഃകരിക്കുകയാണ് പതിവ്. എഴുത്തച്ഛന്റെ കാര്യത്തിൽ രണ്ടും സമ്മേളിച്ചു. രണ്ടു എവറസ്റ്റുള്ള ഹിമാലയം പോലെ അത്ഭുതാത്മകവും അസാധാരണവുമായ ഒരു പ്രതിഭാസമായിരുന്നു അത്. ശ്രീശങ്കരാചാര്യരുടെ ആദ്ധ്യാത്മികൗന്നത്യം ധിഷണാശാലികൾക്കു മാത്രമേ സുഗ്രഹമായുള്ളു; മേല്പുത്തൂരിന്റെ കവിതാഗംഗയിൽ സംസ്കൃതപണ്ഡിതന്മാർക്ക് മാത്രമേ നിമജ്ജനം ചെയ്യാനും നിർവൃതി നേടാനും കഴിഞ്ഞുള്ളൂ. ഭൂരിപക്ഷം പാമരന്മാരായ ഒരു വലിയ ജനതയെ മുഴുവൻ തന്നിലേയ്ക്കടുപ്പിക്കാനും സൂര്യോദയത്തിൽ താമരകളെന്നപോലെ അവരുടെ ചിത്തപുഷ്പങ്ങളെ വിരിയിക്കാനും എഴുത്തച്ഛനു കഴിഞ്ഞത് അദ്ദേഹം, അവർക്കു മനസ്സിലാവുന്ന ഭാഷയിൽ, അവരുടെ സുപ്തവികാരങ്ങളെ ഉണർത്തുന്ന കവിതാരസചാതുരിയോടെ, അവരുടെ ആത്മീയതൃഷ്ണകൾ ശമിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവെന്നതുകൊണ്ടാണ്. 'മനുഷ്യപത്മേഷു രവിസ്വരൂപം' എന്ന ആ രൂപകത്തെ സ്മരിച്ചത് അതു സൂചിപ്പിക്കാൻ വേണ്ടിയാണുതാനും. സൂര്യോദയത്തിൽ താമരകൾ താനേ വിരിയുന്നു: കാന്തത്തിലേയ്ക്ക് ഇരുമ്പുതരികൾ താനേ ആകൃഷ്ടമാകുന്നു. ഇരുട്ടിൽ കൂമ്പിനിൽക്കുന്ന, വെളിച്ചത്തിലേയ്ക്കു വിരിയാൻ വെമ്പുന്ന ഒരു ജനതതിയുടെ അന്തരാത്മാവ് അവരുടെ സൂര്യനുദിക്കുമ്പോൾ സ്വയം വിടരുന്നു. സമൂഹത്തിന്റെ അബോധത്തിലെ തൃഷ്ണകൾക്ക് ആവിഷ്കാരം നൽകുകയും അവയെ ശമിപ്പിക്കുകയും ചെയ്യുന്ന കവിയെ 'ആനന്ദദാനാമൃതപാരിജാതം' എന്ന് ലോകം വാഴ്ത്താതിരിക്കുകയില്ല.

തൻകിടാവിനോടൊപ്പമങ്ങുന്നു താലോലിച്ച
പൈങ്കിളിപ്പിടയുടെ പഞ്ചമസ്വരാലാപം
ഇരുളിൽ മയങ്ങിയ ലോകത്തെയുണർത്തിയി-
ട്ടരുണപ്രഭ വീശും സുപ്രഭാതത്തെക്കാട്ടി.

എന്ന വള്ളത്തോൾമഹാകവിയുടെ ഉപദർശനവും അന്നത്തെ കേരളീയജനതയുടെ അബോധതൃഷ്ണകൾക്ക് അദ്ദേഹത്തിന്റെ കവിത ശമനം നൽകിയതിനെത്തന്നെ ധ്വനിപ്പിക്കുന്നു. ഇരുളിൽ മയങ്ങിക്കിടക്കുന്ന ഏതു സമൂഹവും വെളിച്ചത്തിനുവേണ്ടിയുള്ള ദുശ്ശമമായ തൃഷ്ണകൊണ്ട് ആർത്തമായ അന്തരാത്മാവുള്ളവരായിരിക്കും. അവരെ



ഉണർത്തുന്ന സവിതാവിനെ "ധിയോ യോ നഃ പ്രചോദയാത്" എന്ന് അവർ സ്വാഗതം ചെയ്യും. എഴുത്തച്ഛന്റെ രാമായണം കേരളീയ ഹൈന്ദവമനസ്സിനെ നൂറ്റാണ്ടുകളോളം അടക്കിഭരിച്ചുവെന്ന വസ്തുതയെ വ്യാഖ്യാനിക്കാൻ സമൂഹത്തിന്റെ അബോധചേതനയെന്ന പ്രതിഭാസത്തെക്കുറിച്ചും അതിന്റെ അന്തർദാഹങ്ങളെക്കുറിച്ചുമുള്ള മനഃശാസ്ത്രപരമായ ദർശനങ്ങളോളം ഉതകുന്ന മറ്റൊന്നും ഇല്ലെന്നാണെനിക്കു തോന്നുന്നത്.

ഈ പ്രതിഭാസത്തെ വേണ്ടുംവണ്ണം മനസ്സിലാക്കാൻ ഭാരതീയചേതനയ്ക്കുള്ള ആദ്ധ്യാത്മികപ്രവണതകളെ അംഗീകരിക്കുകയും വേണം. മനുഷ്യമനസ്സിന്റെ മൗലികചോദനകളിൽ ഒന്നാണ് ആരാധനാഭാവം. ചുറ്റും മുറ്റിനില്ക്കുന്ന അജ്ഞേയത അനുനിമിഷം ഉളവാക്കിക്കൊണ്ടിരുന്ന അത്ഭുതങ്ങളിൽ നിന്നും ഭയങ്ങളിൽനിന്നുമായിരിക്കാം ആനമ്രഭാവത്തിന്റെ ഉദയം. ആയിരത്താണ്ടുകളായി മനുഷ്യചേതനയിൽ അതു നിലനിന്നുപോരുന്നു. അതു വേണോ വേണ്ടയോ എന്ന പ്രശ്നം വേറെ. ഉണ്ടോ ഇല്ലയോ എന്നതാണ് ഇവിടെ പ്രസക്തം. ഉണ്ട് എന്നത് മനുഷ്യമനസ്സത്യമാണ്. അജ്ഞേയമായ ഒരു വിശ്വശക്തി ഉണ്ടോ എന്നതല്ല, ഉണ്ടെന്ന വിശ്വാസവും തജ്ജന്യമായ ഒരു ആരാധനാഭാവവും ഉണ്ട് എന്നതാണ് മനുഷ്യമനസ്സിന്റെ സത്യങ്ങളിലൊന്ന്. ഭാരതീയമനസ്സിൽ മറ്റേതൊരു ജനതയ്ക്കുള്ളതിനെക്കാളും ശക്തിമത്തരമായ ഒരു മൗലികവാസനയാണിത്. ഏതെങ്കിലും കാരണവശാൽ ഈ വാസനയ്ക്കു വേണ്ടിടത്തോളം ബാഹ്യാവിഷ്കാരം കിട്ടാതിരുന്നാൽ ഇരട്ടി ശക്തിയോടുകൂടിയുള്ള ഒരു കവിഞ്ഞൊഴുക്ക് പിന്നത്തെ ഘട്ടത്തിൽ കാണാം. ശാസ്ത്രീയമായ അറിവുകളുടെ മുന്നേറ്റം കൊണ്ട് അജ്ഞേയശക്തികളെന്നു കരുതപ്പെട്ടവ ഓരോന്നായിജ്ഞേയങ്ങളാണെന്ന് ബോദ്ധ്യമാവുകയും നിരുപാധികമായ വിശ്വാസം അജ്ഞന്റെ ലക്ഷണമാണെന്ന് അംഗീകരിക്കപ്പെടുകയും ചെയ്യുന്ന കാലം വരുമ്പോൾ മനുഷ്യമനസ്സിൽനിന്ന് ഈ പ്രണമ്രതയെന്ന ഭാവം അപ്രത്യക്ഷമായേക്കാം. വിദൂരഭാവിയിൽ അങ്ങനെയൊരു യുഗം വരികയാണെങ്കിൽ അത് ബോധമനസ്സിന്റെയും അഹംബുദ്ധിയുടെയും വികാസത്തിലൂടെ മനുഷ്യവർഗ്ഗത്തിന് അതിന്റെ ചരിത്രപ്രഭാവത്തിൽ സഹജാവബോധമെന്ന ശക്തി നഷ്ടപ്പെട്ടതിനോടു തുല്യമായ ഒരു പരിണാമപ്രക്രിയയായിരിക്കും. വിശ്വാസത്തിന്റെ മനശ്ശാസ്ത്രം അറിഞ്ഞാൽപ്പോലും വിശ്വാസം നിലനിന്നുകൂടായ്കയില്ല. മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനുവേണ്ടി നിയതി സംവിധാനം ചെയ്തിട്ടുള്ള ഒരാകർഷണശക്തിയാണ് പ്രേമം എന്നറിഞ്ഞാലും പ്രേമത്തിന്റെ ആദ്യാനുഭൂതി മധുരമായിത്തന്നെയിരിക്കും. പഞ്ചസാര ഒരു കാർബോഹൈഡ്രേറ്റ് മാത്രമാണെന്ന അറിവ് അതിന്റെ മാധുര്യാനുഭൂതിക്കു തടസ്സമാകുന്നില്ല. അറിവ്, അനുഭൂതിയെ വെല്ലുവിളിക്കുന്നില്ല.

എഴുത്തച്ഛന്റെ കാലത്തിനു തൊട്ടുമുൻപുള്ള കേരളത്തിൽ ജനതയുടെ ആദ്ധ്യാത്മികപ്രവണതകൾക്കും വിശ്വാസശക്തിക്കും നിർബാധമായ നൈസർഗ്ഗിക ബഹിഃപ്രവാഹം കിട്ടാതിരിക്കത്തവണ്ണമുള്ള ചില തകർച്ചകൾ ജനജീവിതത്തെ ഗ്രസിച്ചു. നാടുവാഴികൾ തമ്മിലുള്ള കിടമത്സരത്തിന്റെ ബലിവേദിയിൽ യുവജനങ്ങൾ ഹോമിക്കപ്പെട്ടുകൊണ്ടിരുന്നു. യുദ്ധം എന്നത് ഒരു സങ്കല്പമോ അനിവാര്യമായ ഒരു യാദൃച്ഛികതയോ അല്ല; ജീവിതാവബോധത്തിന്റെ ഭാഗമാണ് എന്നു വന്നു. അതോടൊപ്പം പടർന്നുപിടിക്കുന്ന ഒരു രോഗമാണല്ലോ ശൂന്യതാബോധം. ജീവിതം ഒരു നീണ്ട രോദനമായിത്തീരുന്നു എന്നതാണിതിന്റെ പരിണതഫലം. കാലിൽ പിടികൂടിയ നക്രത്തിൽനിന്നു രക്ഷപ്പെടാൻ കുതറിയുഴറിപ്പിടഞ്ഞാലും ഇഞ്ചിഞ്ചായി കീഴ്പോട്ടു താണുകൊണ്ടിരിക്കുന്ന ഗജേന്ദ്രന്റെ പ്രാണവേദനയ്ക്കു തുല്യമായ ഒരു മോചനത്വരയാണ് ജനഗണമനത്തിന് അത്തരം സന്ദർഭങ്ങളിൽ അനുഭവപ്പെടുക. ഗജേന്ദ്രനെന്നപോലെ ജനഗണത്തിനും വിശ്വാസ ശക്തി തന്നെയാണ് രക്ഷാമാർഗ്ഗമായിത്തീർന്നത്. കൊടുംകാടുപോലുള്ള ആപത്തിൽ അകപ്പെട്ട് വഴികാണാതുഴലുന്നവർക്ക് വഴികാട്ടിക്കൊടുക്കുന്ന വിശ്വാസശക്തിയെ മനോഹരമായി ചിത്രണം ചെയ്യുന്ന കഥയാണ് ഗജേന്ദ്രമോക്ഷം. എഴുത്തച്ഛന്റെ ജാജ്വല്യമാനമായ കവി

താസുദർശനം, കേരളീയജനതയുടെ ആത്മീയവും ശാരീരികവും മാനസികവുമായ തകർച്ചകളിൽനിന്ന് അവരെ മോചിപ്പിച്ചു; അവരുടെ അന്തരാത്മാവിനെ ഗ്രസിച്ചിരുന്ന ജാഡ്യത്തിൽനിന്നും.

എഴുത്തച്ഛന്റെ കാവ്യകലയ്ക്കുണ്ടായ അഭൂതപൂർവ്വമായ പ്രചാരത്തിന്റെയും പ്രേരണാശക്തിയുടെയും രഹസ്യമാരായുന്നവർക്ക് ഈ വസ്തുത വിസ്മരിക്കുക സാദ്ധ്യമല്ല. എഴുത്തച്ഛന്റെ കവിത അന്നത്തെ സാമാന്യജനങ്ങളുടെ ഭൗതിക ജീവിതനിലവാരം ഉയർത്തുന്നതിലേക്ക് എന്തെങ്കിലും സംഭാവന നൽകിയതുകൊണ്ടല്ല ബഹുജനം അതിനെ അംഗീകരിച്ചത്. സാമ്പത്തികമോ സാമൂഹികമോ ആയ ഉച്ചനീചഭേദങ്ങൾക്കെതിരെ തൂലികയെ വാൾമുനപോലെ പ്രയോഗിച്ചതുകൊണ്ടുമല്ല. തീർച്ചയായും അദ്ദേഹം സമദർശിയായിരുന്നു, എന്നാൽ ആസമദർശിത "ശീതോഷ്ണസുഖദുഃഖേഷു സമഃ സംഗവിവർജ്ജിതഃ" എന്ന വകുപ്പിൽപ്പെട്ടതായിരുന്നുവെന്നു മാത്രം. ഒരു പുതിയ വിശ്വാസവും ഒരു പുതിയ ശക്തിയും ഒരു പുതിയ ഉണർവ്വും ജനതയ്ക്കു നൽകിയെന്നതാണ് അദ്ദേഹത്തിന്റെ സംഭാവന.

സാംസ്കാരികമായ ഉപരിതലജീർണ്ണിപ്പും ആത്മീയമായ അന്തസ്തല ജീർണ്ണിപ്പും ഒത്തുചേർന്ന ഒരവസ്ഥയെയാണ് മൊത്തത്തിൽ മണിപ്രവാളസാഹിത്യം അനാവരണം ചെയ്തുതരുന്നത്. ദീപശാന്തിയും ജഠരാഗ്നിശാന്തിയും മദനാർത്തിശാന്തിയും ഒരുമിച്ചു നിർവ്വഹിച്ച് കാലക്രമേണ പരമേശ്വരശക്തിശാന്തി കൈവരുത്തുന്ന ശാന്തിദ്വിജന്മാരുടെയും വാരാംഗനകളുടെ പല്ലക്കു ചുമക്കുന്ന കവികുലതിലകന്മാരുടെയും കാലം; ധർമ്മാർത്ഥകാമമോക്ഷങ്ങൾക്കു പകരം അശനം, വിനോദം, വഞ്ചനം, രാജസേവ, എന്നിവയെ പുരുഷാർത്ഥങ്ങളായി കരുതുന്നവരുടെ മേൽ ചൊരിയുന്ന പരിഹാസങ്ങളെപ്പോലും ആഭരണങ്ങളെന്നു ഗണിക്കുന്നവരുടെ കാലം; സമൂഹത്തെ സുസ്ഥിതിയിലേയ്ക്കു നയിക്കാനുപയോഗിക്കുന്നതിനു പകരം ശരീരബലവും ശൂരതയും ചില ചെറിയ മനുഷ്യരുടെ മിഥ്യാഹന്തകൾക്കു പോഷകാഹാരമാക്കിത്തീർക്കാൻ നിയുക്തരായിത്തീർന്നവരുടെ കാലം-തീർച്ചയായും മനുഷ്യാത്മാവിന്റെ സമഗ്രമായ തകർച്ചയേയും തളർച്ചയേയുമാണ് അതു വ്യഞ്ജിപ്പിക്കുന്നത്. ആ നക്രഗ്രാസത്തിൽനിന്നുള്ള മോചനത്തിന്നായി ജനതയുടെ അബോധത്തിൽനിന്നുയർന്ന ആക്രന്ദനം വിശ്വാസചക്രധാരിയായ ഒരു കാവ്യകലയെ പ്രത്യക്ഷമാക്കി.

പതിനാറാം നൂറ്റാണ്ടിലാണ് ആ മഹോദയം ഉണ്ടായത്. വിഷ്ണുഭക്തിപ്രസ്ഥാനം ഉത്തരേന്ത്യയിലെ പ്രധാനഭാഷകളിലും തമിഴിലും മറ്റു ദാക്ഷിണാത്യഭാഷകളുള്ള പ്രദേശങ്ങളിലും മുമ്പേതന്നെ പ്രചരിച്ചുകഴിഞ്ഞിരുന്നു. തമിഴിൽ ആഴ്‌വാർമാരും നായനാർമാരും യഥാക്രമം വിഷ്ണുഭക്തിയുടേയും ശിവഭക്തിയുടേയും വക്താക്കളായിരുന്നല്ലോ. കമ്പരും രാമചരിതകർത്താവും നിരണംകവികളും ആൾവാർമാരുടെ പാരമ്പര്യത്തെയാണ് പിൻതുടരുന്നത്. കേരളത്തിലെ കുലശേഖരആഴ്‌വാർ ഇവിടുത്തെ വിഷ്ണുഭക്തിപ്രസ്ഥാനത്തിന് നല്ലൊരു പ്രചോദനമായിട്ടുണ്ടായിരിക്കാം. ഏതായാലും ആ ദീപശിഖ പിന്നാലെ പിന്നാലെ ഏറ്റു വാങ്ങിയവരാണ് ചീരാമനും മാധവനും ശങ്കരനും കണ്ണശ്ശനും ചെറുശ്ശേരിയും മറ്റും. മണിപ്രവാളസ്തോത്രകാരന്മാരും ചില ചമ്പുകാരന്മാരും അതിലേയ്ക്ക് തങ്ങളുടെ സംഭാവന ചെറിയതോതിൽ നല്കാതിരുന്നിട്ടില്ല. എന്നാലും കേരളത്തെയൊട്ടാകെ ഭക്തിശീതളമായ ഒരു കുളിർകാറ്റിന്റെ നിർവൃതികരമായ സ്പർശനാനുഭൂതിയിൽ രോമാഞ്ചംകൊള്ളിക്കാൻ എഴുത്തച്ഛന്റെ കൃതികൾക്കെന്നപോലെ മറ്റൊന്നിനും അന്നേവരെ കഴിഞ്ഞിട്ടില്ല. സൂരദാസ്, തുളസീദാസ്, ചൈതന്യൻ, നാമദേവൻ മുതലായവരുടെ നിരയിലേയ്ക്ക് കേരളക്കരയുടെ സംഭാവനയായിരുന്നു എഴുത്തച്ഛൻ. കണ്ണശ്ശനും മറ്റും ഭക്തിയെ സമൂഹരോഗങ്ങൾക്ക് ഒരു ഔഷധമെന്നപോലെ ഫലിപ്പിക്കുക ഉണ്ടായിട്ടില്ലെങ്കിൽ അതിനു ഹേതുവാരായേണ്ടത് സാമൂഹികസാഹചര്യങ്ങളിലാണെന്നു തോന്നുന്നു. ചരിത്രകാരന്മാർ ഇതിന് പല പല ഹേതുക്കൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളത്തെ അടക്കിഭരിക്കുന്ന ഏകരാജശക്തിയുടെ അഭാവത്തിൽ നാടുവാഴികളും പ്രഭുക്കളും അധികമധികം പ്രബലരാവുകയും അന്യോന്യം മത്സരത്തിലേർപ്പെടുകയും ചെയ്തു. ഇവർ തമ്മിൽ കൂടെക്കൂടെ യുദ്ധങ്ങളുണ്ടായിക്കൊണ്ടിരുന്നു. ബലംതന്നെ നീതി എന്നതു പ്രമാണമായി. കച്ചകെട്ടും കായബലവുമാണ് ജീവിതവിജയത്തിനാവശ്യം എന്ന നില വന്നു. അവയില്ലാത്ത ദുർബലൻ എത്ര ബുദ്ധിമാനായാലും സമൂഹത്തിലെ അടിക്കാടുകളിലടിഞ്ഞു. ബ്രാഹ്മണത്വവും ഒരു രക്ഷാകവചമായിരുന്നു. ക്ഷേത്രഭരണവും സമ്പത്തും കുറെയൊക്കെ അവരുടെ നിയന്ത്രണത്തിലായിരുന്നതിനാൽ അവരും ഉല്ലസിച്ചു. ചുരുക്കത്തിൽ ബലവാന്മാരും ഉന്നതവർണ്ണരും ഭോഗലാലസയിൽ മുഴുകി. അർത്ഥകാമങ്ങൾ മാത്രമായിരുന്നു അവരുടെ പുരുഷാർത്ഥങ്ങൾ. അവയുടെ പൂരണത്തിനുള്ള അവരുടെ കുതന്ത്രങ്ങളും സ്ഥിതി ശോച്യതരമാക്കി. നാടുവാഴിമാരുടെ ദുരഭിമാന സംരക്ഷണത്തിനുവേണ്ടി രക്തസാക്ഷികളായിത്തീരേണ്ടിയിരുന്ന ഒരു ജനവിഭാഗത്തിനുമേൽ കുതിരകയറാൻ വിദേശീയരും കൂടിച്ചേർന്നു. അവരും ക്രൂരമായി ജനങ്ങളെ മർദ്ദിച്ചു. ജീവിതത്തിൽ പ്രശാന്തി കാണാതെ ഉഴലുന്ന ഒരു ജനതതിയുടെ മധ്യത്തിലേക്കാണു പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഴുത്തച്ഛൻ പിറന്നുവീണത്. ആത്മീയമായും മാനസികമായും ശാരീരികമായും തളർന്ന ജനതയ്ക്ക് നവോത്തേജനം നല്കാൻ വിശ്വാസശക്തിക്കു കഴിയുമെന്നു പറഞ്ഞുവല്ലോ. ഒരു വ്യക്തിയോ ഒരാശയസംഹിതയോ സുവ്യവസ്ഥിതി വാഗ്ദാനം ചെയ്യുമ്പോൾ ആ താരത്തെ വിശ്വസിച്ചു പിന്നാലെ കൂടുക എന്നതാണ് എക്കാലത്തും സമൂഹമനോഗതി. വ്യക്തിയോ തത്വമോ പ്രസ്ഥാനമോ എന്തുമാകട്ടെ-പ്രത്യാശയെ ഉജ്ജീവിപ്പിക്കുന്ന എന്തും വിശ്വസത്തെ ഉണർത്തുന്നു. അത്തരത്തിലൊരു മാനസികപ്രതിഭാസമാണ് എഴുത്തച്ഛന്റെ കൃതികൾ ഉളവാക്കിയ പ്രതികരണം. അഥവാ കാലഘട്ടത്തിന്റെ ഉൾവിളിക്കുള്ള ഉത്തരമാണ് പ്രവാചകന്മാരുടെയും മഹാകവികളുടെയും പ്രതിഭാശാലികളുടെയും ഉദയമെന്നു പറയുന്നതായിരിക്കും നല്ലത്. എഴുത്തച്ഛനും പൂന്താനവും മേല്പത്തൂരും തുടരെത്തുടരെ ജനതയുടെ അന്തർദാഹത്തെ ശമിപ്പിക്കാനണഞ്ഞവരാണ്. മേല്പത്തൂർ സ്വീകരിച്ച മാദ്ധ്യമത്തിന്റെ പരിമിതി നിമിത്തം സംസ്കൃതാഭിജ്ഞരെ ഉണർത്താനേ അദ്ദേഹത്തിനു കഴിയുമായിരുന്നുള്ളൂ. ഭക്തിവൈദ്യുതാധാനംകൊണ്ടു നൽകാവുന്ന നവോത്തേജനം സമൂഹത്തിന്റെ മേൽത്തട്ടിലും കീഴ്ത്തട്ടിലും ഒരുപോലെ വ്യാപിപ്പിക്കാൻ എഴുത്തച്ഛനും പൂന്താനത്തിനും കഴിഞ്ഞു എന്ന് പ്രൊ. എൻ. കൃഷ്ണപിള്ള പറയുന്നത് ആരും സമ്മതിക്കും. എന്നാലും മതം, ഭക്തി മുതലായവയെ മയക്കുമരുന്നായല്ലാതെ കാണാൻ കഴിയാത്തവർ ചോദിക്കും. ജനമനത്തെ ഭോഗലാലസയിൽനിന്ന് ഭക്തിലഹരിയിലേക്കു മാറ്റിയിരുന്നത് കിണറ്റിൽനിന്നു പൊക്കി കുളത്തിൽ തള്ളിവിടുന്നതിനേക്കാൾ മെച്ചമാണോ എന്ന്. ഭക്തിയും ലഹരിയായാൽ ഭൗതികജീവിതപുരോഗതിക്ക് ആപത്തുതന്നെ, അപ്പോഴാണല്ലോ അത് അകർമ്മണ്യതയിലേക്കു വഴുതിവീഴുക-എന്നാൽ ഈ ആരോപണം ഇവിടെ പ്രസക്തമല്ല. എഴുത്തച്ഛനോ പൂന്താനമോ മേല്പത്തൂരോ അകർമ്മണ്യതയുടെ വക്താക്കളല്ല. അവരുടെ സങ്കല്പത്തിലുള്ള ഭക്തി, ഭോഗാസക്തിയുടെ വിഷത്തിനുള്ള പ്രതിവിധി മാത്രമാണ്. അതു സ്വയം വിഷമായിപ്പരിണമിക്കുന്നില്ല. ധർമ്മാനുസൃതമായ കർമ്മത്തെ അതു നിഷേധിക്കുന്നില്ല. കേരളീയജനതയുടെ ആത്മസുഹൃത്തും മാർഗ്ഗദർശിയും ആത്മീയഗുരുവുമായിത്തീരുകയെന്ന ഉയർന്ന പദവി എഴുത്തച്ഛനു ലഭിച്ചതും അതുകൊണ്ടുതന്നെ. "ഇത്രമാത്രം ശാന്തവും ഘനഗംഭീരവും വിശുദ്ധോദാരവും ആത്മാവിന്റെ അഗാധതയിൽ നിന്നുയരുന്നതും ആദ്യന്തം ഇടറാത്തതും ആത്മശക്തിസ്ഫുരത്തുമായ ഒരു ശബ്ദം മലയാളം മുമ്പു കേട്ടിരുന്നില്ല" എന്നു ശ്രീ കൃഷ്ണപിള്ള പ്രസ്താവിച്ചിട്ടുള്ളതിൽ തെല്ലും അത്യുക്തിയില്ല.



വെട്ടത്തുനാട്ടിൽ തൃക്കണ്ടിയൂരാണ് എഴുത്തച്ഛന്റെ ജനനം. കൊല്ലം കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. അബ്രാഹ്മണനാണ്. 'തുഞ്ചൻപറമ്പ്' എന്നറിയപ്പെടുന്ന സ്ഥലം അദ്ദേഹത്തിന്റെ പാവനജീവിതത്തോടു ബന്ധപ്പെട്ടിട്ടുണ്ടെന്നതിൽ തർക്കമില്ല. വിദ്യാഭ്യാസത്തി

നുശേഷം നാട്ടിൽ കുറെനാൾ പാർത്തു. അക്കാലത്ത് ഗൃഹസ്ഥാശ്രമിയായെന്നും ഒരു പുത്രിയുണ്ടായെന്നും പിന്നീട് ദേശാടനത്തിനു പോയെന്നും തിരിച്ചു വന്നതിനുശേഷം ചിറ്റൂർ ശോകനാശിനിപ്പുഴയുടെ തീരത്ത് കാടുവെട്ടിത്തെളിയിച്ച് ശ്രീരാമക്ഷേത്രവും ശിവക്ഷേത്രവും പണിയിച്ചുവെന്നും (രാമാനന്ദാഗ്രഹാരം) ഒരു മഠത്തിൽ വസിച്ചുവെന്നും ആണ് ഐതിഹ്യം. തന്റെ കാവ്യചേതനയ്ക്കൊത്ത ജീവിതചര്യയാണ് അദ്ദേഹത്തിനുണ്ടായിരുന്നതെന്ന് ഏവരും ഉദ്ഘോഷിക്കുന്നു. 'അമ്പേണമെന്മനസി ശ്രീനീലകണ്ഠഗുരു' എന്ന ഹരിനാമകീർത്തനഭാഗത്തെ പ്രമാണമാക്കിക്കൊണ്ടാണ് നീലകണ്ഠനെന്ന ഗുരുനാഥനുണ്ടായിരുന്നുവെന്നു പറയുന്നത്. പക്ഷേ ഹരിനാമകീർത്തനം എഴുത്തച്ഛൻ രചിച്ചതാണെന്നതിന് ആഭ്യന്തരമോ ബാഹ്യമോ ആയ തെളിവുകളൊന്നുമില്ല, ബഹുജനത്തിനുള്ള ധാരണയൊഴികെ. വിദുഷാമഗ്രേസരനായ ഒരു അഗ്രജൻ തന്റെ ഗുരുവായിരുന്നുവെന്നും അദ്ദേഹത്തിന് അനേകം അന്തേവാസികളുണ്ടായിരുന്നുവെന്നും അദ്ധ്യാത്മരാമായണത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. രാമനാമാവായ ആചാര്യൻ അദ്ദേഹം തന്നെയാവാം. മറ്റൊരാളാണെന്നും വരാം. അദ്ദേഹമായിരിക്കുമോ ഹരിനാമകീർത്തനകർത്താവ്? എഴുത്തച്ഛന്റെ ശരിയായ നാമം വ്യക്തമായിട്ടില്ല. തുഞ്ചത്തു രാമാനുജനെഴുത്തച്ഛൻ എന്നൊരു പ്രസിദ്ധി നിലവിലുണ്ട്. അതിനെപ്പറ്റി രണ്ടുപക്ഷം; ആ പേർ വന്നത് രാമന്റെ അനുജനായതുകൊണ്ടെന്നും വിദേശപര്യടനക്കാലത്ത് രാമാനുജാചാര്യരുടെ ശിഷ്യനായിരുന്നതുകൊണ്ടെന്നും. എഴുത്തച്ഛനേക്കാൾ മൂന്നാലു നൂറ്റാണ്ടു മുമ്പാണ് രാമാനുജാചാര്യർ ജീവിച്ചിരുന്നത്. ശിഷ്യത്വത്തിനു വ്യത്യസ്തമായ അർത്ഥമുണ്ടാവണം. രാമാനുജൻ, 'എഴുത്തച്ഛൻ' എന്നീ ശബ്ദങ്ങളുടെ ചരിത്രപരമായ അർത്ഥവ്യാപ്തിയെന്തെന്നു ചിലർ ഗവേഷണം ചെയ്തു വെളിപ്പെടുത്തിയിട്ടുണ്ട്. 11-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന രാമാനുജാചാര്യർ ശങ്കരാചാര്യരെപ്പോലുള്ള ഒരു ദാർശനികനായി വിളികൊണ്ടിട്ടുണ്ടല്ലോ. തിരുപ്പതിയിൽ ഒരു തമിഴ്ബ്രാഹ്മണ കുടുംബത്തിൽ പിറന്ന അദ്ദേഹം ശ്രീരംഗത്തെ ഭാഗവതന്മാരുടെ ആചാര്യനായി ബ്രഹ്മസൂത്രത്തിന് ശ്രീഭാഷ്യം എഴുതി. ഗീതാഭാഷ്യം, വേദാന്തസാരം, വേദാന്തസൂത്രം, വേദാന്തസംഗ്രഹം എന്നിവയും രചിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു ഭാഗവതശാഖതന്നെ രൂപപ്പെട്ടു. അവർ രാമാനുജന്മാരെന്നറിയപ്പെട്ടു. ഭാഗവത വിശ്വാസിയും വിശിഷ്ടാദ്വൈത സൈദ്ധാന്തികനുമായിരുന്നു അദ്ദേഹം. രാമാനുജദർശനത്തിൽ പരമാത്മാവായ ബ്രഹ്മവും പ്രപഞ്ചവും ഒരുപോലെ സത്യമാണ്. പ്രപഞ്ചം മിഥ്യയല്ല. രാമാനുജാചാര്യർ ഭക്തിപ്രസ്ഥാന പ്രചാരകനായിരുന്നു. വർണസമത്വ വിശ്വാസിയായിരുന്നു. ബ്രാഹ്മണാധീശത്വത്തിന്നെതിരായിരുന്നു. രാമാനുജാചാര്യരുടെ നിര്യാണത്തിനുശേഷം രാമാനുജന്മാർക്കിടയിൽ വടകലായ തെങ്കലായ എന്ന രണ്ടു വിഭാഗങ്ങളുണ്ടായി. 14-15 നൂറ്റാണ്ടുകളിൽ ജൈനബുദ്ധമതാനുയായികളിൽ ചിലർപോലും രാമാനുജ ദർശനത്തിലേക്കാകർഷിക്കപ്പെട്ടിട്ടുണ്ട്. ചാലൂക്യരുടെ കീഴിലായിരുന്ന പൊട്ടലക്കര എന്ന പ്രദേശത്തെ ഒരു വിഭാഗം ജൈനന്മാർ രാമാനുജന്മാരായി മാറി. അവർ അവിടെ നിന്നുപോന്ന് തമിഴ്നാട്ടിലെ കടുകൈ പട്ടണത്തിൽ കുറെ കാലം പാർത്തു. അധ്യാപനം മുഖ്യതൊഴിലായി കൈക്കൊണ്ടു. പൊട്ടലക്കരയും കടുകൈപ്പട്ടണവും അവരുടെ ആഗമത്തെക്കുറിക്കുന്ന പേരിൽ ഉൾപ്പെട്ടു. അവർ കേരളത്തിലേക്കു വരികയും അധ്യാപനവൃത്തി തുടരുകയും ചെയ്തു. കടുപ്പൊട്ടർ എന്ന പേരിൽ അവർ അറിയപ്പെടാൻ തുടങ്ങി. കടുകൈപ്പൊട്ടലർ കടുപ്പൊട്ടരായിത്തീർന്നിരിക്കാം. കടുപ്പൊട്ടന്മാർ എന്ന വിശേഷണം കേരളത്തിൽ ഇവർക്കുണ്ടായി. സാമൂതിരിയാണ് ഇവർക്കു സംരക്ഷണവും അധ്യാപകവൃത്തിയുടെ പേരിൽ എഴുത്തച്ഛൻ ബിരുദവും നൽകിയത്. ഈ പരമ്പരയിൽപെട്ട ആളായതുകൊണ്ട് തുഞ്ചത്താചാര്യന്റെ പേരിനോട് രാമാനുജശബ്ദം ചേർന്നുനിന്നു. കെ. ബാലകൃഷ്ണക്കുറുപ്പിന്റെ ഒരു ലേഖനത്തിലുള്ള (മാ.ഭൂ. വാരാന്തപ്പതിപ്പ് 4-6-95) ഈ നിഗമനങ്ങൾക്ക് യുക്തിയുക്തതയുണ്ട്. തുഞ്ചൻ എന്നത് കവിയുടെ വിളിപ്പേരായിരുന്നിരിക്കാം എന്നും അഭ്യൂഹിക്കപ്പെടുന്നു. രാമാനുജന്മാരുടെ പരമ്പരയിൽ ജനിച്ച തുഞ്ചൻ എഴുത്തച്ഛനെന്ന കുലധർമ്മ



നാമത്തിനും അവകാശിയായി. ഈ വംശചരിത്രം കവിയുടെ പരദേശ സഞ്ചാരത്തിന്നും, തമിഴ്നാട്ടിലേയും ആന്ധ്രപ്രദേശത്തിലേയും ഭാഷ, സാഹിത്യം, സംസ്കാരം മുതലായവയുമായുള്ള ബന്ധത്തിനും തമിഴ്നാട്ടിൽനിന്ന് കുറെ ബ്രാഹ്മണരെ കൊണ്ടുവന്ന് അഗ്രഹാരംസ്ഥാപിച്ചതിന്നും മറ്റും സ്വാഭാവികതയരുളുന്നുണ്ട്. കിളിപ്പാട്ട് എന്ന സങ്കേതത്തിന് തമിഴിലെ ഭക്തിസാഹിത്യത്തോടുള്ള ബന്ധത്തെപ്പറ്റി വഴിയെ സൂചിപ്പിക്കും. എഴുത്തച്ഛന്റെ കവനയജ്ഞകർമ്മത്തിന് മറ്റു ദ്രാവിഡദേശങ്ങളിലെ പാരമ്പര്യത്തിലേക്കു വേരോട്ടമുണ്ട്.

കവിതയുടെ മഹത്വം കുടികൊള്ളുന്നത് സമൂഹാന്തരാത്മാവിലും വ്യക്ത്യന്തരാത്മാവിലും നിദ്രാണമായിക്കിടക്കുന്ന ഭാവങ്ങളെ ഒരു വിദ്യുത്പ്രസരംകൊണ്ടെന്നപോലെ ഉന്നിദ്രമാക്കുന്നതിലാണ്. കവിതയുടെ ഉദാത്തതയ്ക്കു നിദാനം ആ ഉന്നിദ്രാനുഭൂതികൾ സമൂഹസത്തയേയും വ്യക്തിസത്തയേയും അവയിരുന്നിടത്തുനിന്ന് ഒരുപടി ഉയർത്തുന്നതിലുമാണ്. മഹത്തായ കൃതി ഉദാത്തമായില്ലെന്നു വരാം. ഉദാത്തമായ കൃതി മഹത്തായില്ലെന്നും വരാം. (മഹത്ത്, ഉദാത്തം എന്ന പദങ്ങൾ ഇവിടെ രണ്ടു പ്രതീകങ്ങൾ മാത്രം. അവ കുറിക്കുന്ന സങ്കല്പമെന്തെന്ന് വിവരണം വ്യക്തമാക്കുന്നുണ്ടല്ലോ. വിവരണത്തിന്നൊപ്പിക്കാൻ വ്യത്യസ്തപദങ്ങൾ സ്വീകരിക്കണം എന്നുണ്ടെങ്കിൽ അത് അഭിരുചിയും ഔചിത്യവും നിർദ്ദേശിക്കുന്നതനുസരിച്ചു ചെയ്യാം.) എഴുത്തച്ഛന്റെ കൃതികൾ വ്യക്തിയുടേയും സമൂഹത്തിന്റേയും അന്തരാത്മാവിൽ നിലീനമായിരുന്ന വൈകാരികസത്തകളെ ഉന്നിദ്രമാക്കുക മാത്രമല്ല മഹത്തരമായൊരു ജീവിതസങ്കല്പത്തിലേക്ക് അവരെ ഉയർത്തുകയും ചെയ്യുന്നു. ഉത്തമകൃതികൾക്ക് 'ഉത്തിഷ്ഠത' മാത്രമല്ല ലക്ഷ്യം. 'ജാഗ്രത' യും 'പ്രാപ്യവരാന്നിബോധതയും' കൂടിയാണ്. ചില കൃതികൾ ഉണർത്തുന്നു. രസിപ്പിക്കുന്നു. പക്ഷേ, ഉയർത്തുന്നില്ല. സംസ്കരിക്കുന്നില്ല. (ധ്വനിതലം സംസ്കാരതലം എന്ന് ഈ വ്യത്യാസത്തെ കുട്ടികൃഷ്ണമാരാർ വിവരിച്ചിട്ടുണ്ട്.) എഴുത്തച്ഛന്റെ കൃതികൾ, രണ്ടും ഒരുപോലെ സാധിച്ചു. രസധ്വനിയിലൂടെ ഒരു മനസ്സംസ്കരണപ്രക്രിയ അദ്ദേഹം സാക്ഷാത്കരിച്ചു. സംസ്കരണം എന്ന സല്ലക്ഷ്യം രസധ്വനിയെന്ന സന്മാർഗ്ഗത്തിലൂടെയല്ലാതെ നേടുക സാധ്യമല്ല. സംസ്കരണമെന്ന ശോഭനലക്ഷ്യമുണ്ടായാൽ മതി. എല്ലാ മാർഗ്ഗങ്ങളും അങ്ങോട്ടുതന്നെ നയിച്ചുകൊള്ളും എന്നൊരു ധാരണയുണ്ട്. അതു മിഥ്യയാണ്. അതുപോലെ മറ്റൊരു മിഥ്യയാണ് രസോന്മീലനം, എല്ലായ്പോഴും സംസ്കരണത്തിലേക്കു തന്നെ എത്തിക്കുമെന്നത്. എഴുത്തച്ഛന്റെ കൃതികളിൽനിന്ന്, പൊന്നമ്പലമേട്ടിലെത്തിച്ച നിഗൂഢമാർഗ്ഗം കണ്ടെത്തിയതിന്റെ ആവേശങ്ങൾ ലഭിക്കുന്നു. രസാത്മകതയുടെ മഹത്ത്വവും സംസ്കരണത്തിന്റെ ഉദാത്തതയും അവിടെ സമ്മേളിക്കുന്നു. 'പുതുമലയാണ്മതൻ മഹേശ്വര' നായി അദ്ദേഹം അഭിഷിക്തനായതങ്ങനെയാണ്. "ആര്യഎഴുത്ത്" അക്ഷരമാലയിൽ കലർത്തിയതോ മണിപ്രവാളഭാഷാരീതി പാട്ടിൽ വിലയിപ്പിച്ചതോ അദ്ദേഹം വരുത്തിയ പരിഷ്കാരമല്ല, എന്നിട്ടും ആ ബഹുമതി നല്കപ്പെട്ടതിന്റെ രഹസ്യം അദ്ദേഹത്തിന്റെ കവിത ഒരു അഭൂതപൂർവ്വമായ ശക്തിസ്രോതസ്സായിരുന്നുവെന്നതല്ലാതൊന്നുമല്ല.

കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ വൃത്തവൈചിത്രവും ലാളിത്യവും അതിനെ ബഹുജനപ്രിയംകരമാക്കി. അതിലുപയുക്തമായിരുന്ന കാകളി, കേക, ദ്രുതകാകളി, അന്നനട, മണികാഞ്ചി, കളകാഞ്ചി മുതലായ വൃത്തങ്ങൾ പലമാതിരി പാട്ടുകളിലൂടെ പ്രചരിച്ചിരുന്നവയാണ്.

> കണ്ടചുരൻ തല തുണ്ടമിടുന്നവൾ
> ചാമുണ്ടിയെന്നുള്ള നാമം തരിപ്പവൾ
> കുണ്ടലം കാതിനു വാരണം പൂണ്ടവൾ
> കുളിപ്പെരുമ്പട ചൂഴെത്തടുപ്പവൾ (സംഘക്കളിപ്പാട്ട്)
> ചേവടിയമ്പോടു ചേർത്തു പണിന്തുടൻ



# മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ

എരുമേലി

## അധ്യായം ഏഴ്

# എഴുത്തച്ഛൻ: കിളിപ്പാട്ടു സാഹിത്യം

സാനന്ദരൂപം സകലപ്രബോധം
ആനന്ദഗാനാമൃത പാരിജാതം
മനുഷ്യപത്മേഷു രവിസ്വരൂപം
പ്രണൗമി തുഞ്ചത്തെഴുമാര്യപാദം

തുഞ്ചൻ പറമ്പിലെ അതിമനോഹരമായ കൃഷ്ണശിലാമണ്ഡപത്തിൽ കേരളീയ ജീവിതബോധത്തിന്റെ ആത്മസത്തയായി പരിലസിക്കുന്ന ഈ സ്തുതി തുഞ്ചത്ത് ആചാര്യനോടുള്ള നമ്മുടെ ഭക്തിയും ബഹുമാനവും ദ്യോതിപ്പിക്കുന്നു. ഒരാചാര്യനായി, അധ്യക്ഷ്യപ്രഭാവനായി കേരളീയ മനസ്സുകളിൽ അദ്ദേഹം ജീവിക്കുന്നു. മലയാള കവിത ജനഹൃദയങ്ങളിൽ ആഴത്തിൽ ഉറപ്പിച്ച എഴുത്തച്ഛൻ സമഗ്രാർഥത്തിൽ ഒരു പുതുയുഗത്തിന്റെ സ്രഷ്ടാവാണ്. പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ വികസ്വരമായിക്കൊണ്ടിരുന്ന കേരളീയ സാഹിത്യ സംസ്കാരത്തിൽ നവവും അഗാധവും ആയ ജീവിതബോധത്തിന്റെ സൂര്യകിരണങ്ങൾ ജ്വലിപ്പിച്ചത് എഴുത്തച്ഛനാണ്. ഉദാത്തമായ സർഗപ്രതിഭയുള്ള മഹാകവി മാത്രമല്ല കേരളീയരെ സംബന്ധിച്ചിടത്തോളം എഴുത്തച്ഛൻ; അചഞ്ചലവും അത്യുദാരവും ആയ ധർമബോധമുള്ള ഒരാധ്യാത്മികാചാര്യൻ കൂടിയാണ്. ഗുണപരമായ ഈ ദ്വിമാനത്വം അവകാശപ്പെടാൻ മറ്റൊരു കവിക്കും മലയാളത്തിൽ സാധിച്ചിട്ടില്ല.

### ജീവിതം-ചുരുക്കത്തിൽ

ദൗർഭാഗ്യമെന്നു പറയട്ടെ, മലയാള കവികുലഗുരുവായ എഴുത്തച്ഛന്റെ ജീവചരിത്രം പൂർണമായി ലഭിച്ചിട്ടില്ല. പക്ഷേ അദ്ദേഹത്തിനു ജന്മം നല്കിയ പാവന സ്ഥലം ഏതെന്ന് അറിയാം-തുഞ്ചൻപറമ്പ്. വെട്ടത്തുനാട് എന്നു പ്രസിദ്ധമായ പ്രദേശത്താണ് തുഞ്ചൻപറമ്പ് സ്ഥിതിചെയ്യുന്നത്.

'വെട്ടത്തുനാട്ടിൽ നിത്യസൗഭാഗ്യതസിന്ദൂര-
പ്പൊട്ടുപോലെഴും തുഞ്ചൻ പറമ്പേ നമസ്കാരം!
കളഗാനത്തോടൊരു തത്തപ്പെൺ മണിതത്തി-
ക്കളിച്ച തളിർച്ചെടിപ്പടർപ്പേ നമസ്കാരം!
ചേണൊക്കും പുതുമലയാണ്മതൻ മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ, നമസ്കാരം'

ഈ കവിതാ സൂനം അർപ്പിച്ചാണ് മഹാകവി വള്ളത്തോൾ പാവനമായ തുഞ്ചൻ പറമ്പിനെ പ്രണമിക്കുന്നത്. മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലാണ് തുഞ്ചൻ പറമ്പ്. തിരൂർ റെയിൽവേസ്റ്റേഷനിൽ നിന്ന് ഏകദേശം രണ്ടു കിലോമീറ്റർ ദൂരമേയുള്ളു എഴുത്തച്ഛന്റെ ബാല്യകാല ജീവിതവുമായി ബന്ധപ്പെട്ട തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിലേക്ക്. ക്ഷേത്രത്തിൽനിന്ന് ഏകദേശം ഒന്നര കിലോമീറ്റർ പടിഞ്ഞാറു മാറിയാണ് തുഞ്ചൻപറമ്പ്. ഫലസമൃദ്ധമായ കല്പവൃക്ഷങ്ങൾ നിറഞ്ഞ പറമ്പിൽ കവികുലഗുരുവിന്റെ സ്മരണ നിലനിർത്തുന്നതിനായി സ്മാരകം നിർമിച്ചിട്ടുണ്ട്. വിപുലമായ ഗ്രന്ഥാലയത്തോടുകൂടിയ ഗവേഷണ-പഠന കേന്ദ്രവും



സാഹിത്യ മ്യൂസിയവും ഓഡിറ്റോറിയവും ഇതോടൊപ്പമുണ്ട്. ഡിസംബർ 31 തുഞ്ചൻദിനമായി ആചരിക്കുന്നു. കേരളീയർക്കൊരു തീർഥാടന കേന്ദ്രമാണ് തുഞ്ചൻ പറമ്പ്.

എഴുത്തച്ഛന്റെ മാതാപിതാക്കൾ ആരെന്നും വ്യക്തമായ അറിവില്ല. ഒരു നമ്പൂതിരിക്ക് ചക്കാല നായർ സ്ത്രീയിൽ ജനിച്ച പുത്രനെന്നാണ് ഒരു കഥ. എഴുത്താശാന്മാരുടെ ജാതിയിൽ പിറന്ന ആളാണ് എഴുത്തച്ഛനെന്ന് ആർ. നാരായണപ്പണിക്കർ അനുമാനിക്കുന്നു.[1] ഉള്ളൂരിന്റെ അഭിപ്രായത്തിൽ ക്ഷേത്രപ്രവേശനമുണ്ടായിരുന്ന വട്ടയ്ക്കാട്ട് നായർ തറവാട്ടിലെ ഒരംഗമാണ് എഴുത്തച്ഛൻ.[2] പരമസാത്വികനായിരുന്നു അദ്ദേഹം. വിദ്വാനായിരുന്നെങ്കിലും ശൂദ്രജാതിയിൽ ജനിച്ചതിനാൽ എഴുത്തച്ഛന് അക്കാലത്ത് വേണ്ടത്ര സാമൂഹികാംഗീകാരം ലഭിച്ചിരുന്നില്ല. അധ്യാപനമായിരുന്നു തൊഴിൽ. അനേകം ശിഷ്യന്മാരുണ്ടായിരുന്നു. കേരളത്തിന്റെ തെക്കൻ ദിക്കുകളിലും തമിഴ്നാട്, ആന്ധ്രാ തുടങ്ങിയ പ്രദേശങ്ങളിലും എഴുത്തച്ഛൻ സഞ്ചരിച്ചിരുന്നതായി വിശ്വസിക്കാം. അദ്ദേഹം കുറേക്കാലം അമ്പലപ്പുഴയിലും ചെമ്പകശ്ശേരി രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കുടമാളൂരും താമസിച്ചിരുന്നതായി പറയുന്നു. അവിടെനിന്ന്, അക്കാലത്ത് പ്രസിദ്ധമായിരുന്ന നിരണത്തെ കണ്ണശ്ശവിദ്യാപീഠവും അദ്ദേഹം സന്ദർശിച്ചിരുന്നതായി പറയുന്നു. പാലക്കാട് ജില്ലയിലെ ചിറ്റൂരിലാണ് എഴുത്തച്ഛൻ തന്റെ ജീവിതത്തിന്റെ അവസാന കാലം കഴിച്ചുകൂട്ടിയത്. 'ശോകനാശിനി' എന്ന പേരുള്ള ചിറ്റൂർ പുഴയുടെ തീരത്ത് ശിഷ്യന്മാരുടെ സഹായത്തോടെ അദ്ദേഹം ഒരു മഠം സ്ഥാപിച്ചു. ക്ഷേത്രങ്ങൾ പണികഴിപ്പിച്ചു. എഴുത്തച്ഛൻ താമസിച്ചിരുന്ന രാമാനന്ദാഗ്രഹാരത്തിലെ മഠമാണ് ചിറ്റൂർ മഠം. കൊ. വ. 732 ധനു 24-ാം തീയതി എഴുത്തച്ഛൻ സമാധിയടഞ്ഞതായി വിശ്വസിക്കുന്നു. ക്രി. വ. 1475-നും 1575-നും ഇടയിലാണ് എഴുത്തച്ഛന്റെ ജീവിതകാലമെന്നേ സാമാന്യമായി അനുമാനിക്കാനാവൂ. എഴുത്തച്ഛന്റെ യഥാർഥ നാമധേയം രാമൻ എന്നായിരുന്നെന്ന് ആർ. നാരായണപ്പണിക്കർ അഭിപ്രായപ്പെടുന്നു.[3] എന്നാൽ രാമാനുജൻ എഴുത്തച്ഛൻ എന്ന പേരാണല്ലോ സാർവത്രികമായി അംഗീകരിച്ചിരിക്കുന്നത്. ജ്യേഷ്ഠനും ഗുരുവും ആയ രാമനെ അനുകരിച്ചാണ് എഴുത്തച്ഛന് രാമാനുജനെന്ന് പേരുണ്ടായതെന്നും അതല്ല അധ്യാത്മരാമായണ (സംസ്കൃതം)ത്തിന്റെ കർത്താവായ രാമാനന്ദനെ അനുസ്മരിച്ചാണ് ഈ പേര് സ്വീകരിച്ചതെന്നും രണ്ടഭിപ്രായങ്ങളുണ്ട്. എഴുത്തച്ഛന്റെ സന്ന്യാസാശ്രമകാലത്തെ പേരായിരുന്നു രാമാനന്ദനെന്നും അതിനാലാണ് ചിറ്റൂരിലെ ആശ്രമത്തിന് രാമാനന്ദാഗ്രഹാരം എന്ന പേര് വന്നതെന്നും ഈ രാമാനന്ദൻ ഉച്ചാരണത്തിൽ വ്യത്യാസം വന്ന് രാമാനുജൻ ആയതാണെന്നും ഉള്ളൂർ നിഗമിക്കുന്നു.[4] രാമനാമാചാര്യനെ സ്തുതിക്കുന്നത് നിരണം കവികളിൽ പ്രമുഖനും രാമായണ രചയിതാവുമായ രാമനെയാണെന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ അഭിപ്രായപ്പെടുന്നു.

എഴുത്തച്ഛൻ ഗൃഹസ്ഥാശ്രമജീവിതം നയിച്ചതായി പറയുന്നുണ്ട്. ഇക്കാര്യം പ്രശസ്ത സംസ്കൃത പണ്ഡിതൻ ഡോ. ഏ.സി. ബർണലിനെ ഉദ്ധരിച്ചു മഹാകവി ഉള്ളൂർ കേരള സാഹിത്യചരിത്രം രണ്ടാം വാല്യത്തിൽ വിശദീകരിക്കുന്നു. പാലക്കാട് ജില്ലയിൽ തൃത്താല ബ്ലോക്കിൽ ഉൾപ്പെട്ട കുറ്റനാടിനു സമീപം ആമക്കാവ് എന്ന സ്ഥലത്താണ് എഴുത്തച്ഛന്റെ ഭാര്യാഗൃഹം. അവിടെ എടപ്പാൾ വീട്ടിലെ അംഗം. എഴുത്തച്ഛൻ കുടുംബക്കാരാണിവർ. ഈ കുടുംബം ഒരു വിദ്യാകേന്ദ്രം കൂടിയായിരുന്നു. തലമുറകളായി പണ്ഡിതന്മാരുടെ കുടുംബമായിരുന്നു. പ്രാമാണികങ്ങളായ പല താളിയോലഗ്രന്ഥങ്ങളും ഈ വീട്ടിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഭാര്യ അന്തരിച്ചതിനുശേഷം എഴുത്തച്ഛൻ സന്ന്യാസജീവിതമാണ് നയിച്ചത്. പല പുണ്യസ്ഥലങ്ങളും സന്ദർശിച്ചു. അവസാനം ചിറ്റൂരിൽ ചെന്നു അവിടെ ഗുരു

മഠവും ക്ഷേത്രവും സ്ഥാപിച്ചു. ഏക മകളും എഴുത്തച്ഛനോടൊപ്പം ചിറ്റൂരിൽ താമസിച്ചിരുന്നു. മകളാണ് എഴുത്തച്ഛന്റെ ചില കൃതികൾ പകർത്തി എഴുതിയ തെന്നും പറയുന്നു. കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'അധ്യാത്മ രാമായണ'ത്തിന്റെ അവതാരികയിൽ പ്രൊഫ. പി. കരുണാകരൻ നായരും ഇക്കാര്യ ങ്ങൾ എടുത്തു പറയുന്നുണ്ട്. ആമക്കാവിലെയും ചിറ്റൂരിലെയും ജനങ്ങൾ തല മുറതലമുറകളായി പറഞ്ഞ് വിശ്വസിച്ചുപോരുന്ന വസ്തുതകളാണിവ. മാതൃഭൂമി വാരാന്ത്യപ്പതിപ്പിൽ എം. ശിവശങ്കരൻ എഴുതിയ 'എഴുത്തച്ഛന്റെ ഏഴാമെടങ്ങൾ' എന്ന ലേഖനത്തിൽ ഇക്കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്.

അധ്യാത്മരാമായണം, മഹാഭാരതം എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ. ഭാഗവതം എഴുത്തച്ഛൻ രചിച്ചതാണോ എന്ന സംശയം ഇപ്പോഴും നിലവിലിരിക്കുന്നു. ഇതിൽ ചില ഭാഗങ്ങൾ എഴുത്തച്ഛന്റെയും മറ്റു ചില ഭാഗങ്ങൾ ശിഷ്യന്മാരുടെയും ആകാനിടയുണ്ടെന്ന് ഉള്ളൂർ അനുമാനിക്കുന്നു.[5] എഴുത്തച്ഛന്റെ ആദ്യകാല കൃതികളിലൊന്നാകാം ഹരിനാമകീർത്തനമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ചിന്താരത്നം, ഉത്തരരാമായണം, ശിവപുരാണം, ഇരുപത്തി നാലുവൃത്തം, ദേവീമാഹാത്മ്യം എന്നീ കൃതികൾ എഴുത്തച്ഛന്റേതാണോ എന്ന സംശയം ഇനിയും തീർന്നിട്ടില്ല. പതിന്നാലാം ശതകത്തിൽ ജീവിച്ചിരുന്ന പ്രതിഭാ ധനനായ കവിയായിരുന്നു രാമാനന്ദൻ. അദ്ദേഹം സംസ്കൃതത്തിൽ രചിച്ച മഹത്തായ കാവ്യമാണ് അധ്യാത്മരാമായണം. വേദാന്തതത്ത്വപ്രധാനമായ ഈ കൃതിയെ അവലംബമാക്കിയാണ് എഴുത്തച്ഛൻ അധ്യാത്മരാമായണം രചിച്ചതെന്ന് വിശ്വസിക്കുന്നു. ഒരു തെലുങ്ക് അധ്യാത്മരാമായണവും എഴുത്തച്ഛന് മാർഗ ദർശകമായിത്തീർന്നെന്നു പറയുന്നു. വാല്മീകിരാമായണം അവലംബമാക്കി ഒരു പ്രാദേശിക ഭാഷയിൽ ആദ്യം ഉണ്ടായത് തമിഴിലെ കമ്പരാമായണമാണ്. (കമ്പരുടെ ജീവിതകാലം ക്രി. വ. 12-ാം നൂറ്റാണ്ടാണെന്ന് അഭിപ്രായമുണ്ട്.) രാമായണം, ഭാരതം എന്നീ ഇതിഹാസ്യകാവ്യങ്ങളുടെ രചനയിൽ കണ്ണശ്ശകവി കളുടെ സ്വാധീനം എഴുത്തച്ഛനുണ്ടായിരുന്നു. അതിന് വ്യക്തമായ തെളിവുകൾ ഈ കൃതികളിൽ കാണാം.

## കിളിപ്പാട്ടു പ്രസ്ഥാനം

മലയാളത്തിലെ ഏറ്റവും ഉൽകൃഷ്ടമായ കാവ്യപ്രസ്ഥാനമാണ് കിളിപ്പാട്ട്. എഴുത്തച്ഛനാണ് ഈ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. കിളിയെക്കൊണ്ട് പാടി ക്കുന്നതായി സങ്കല്പിക്കുന്നതിനാൽ കിളിപ്പാട്ടെന്ന പേരുണ്ടായി. രാമായണ ത്തിന്റെ പ്രാരംഭത്തിൽ,

'ശ്രീരാമനാമം പാടിവന്ന പൈങ്കിളിപ്പെണ്ണേ
ശ്രീരാമചരിതം നീ ചൊല്ലീടുമടിയാതെ'

എന്നിപ്രകാരം എഴുത്തച്ഛൻ കിളിയൊട് പറയുന്നു. ഇതുകേട്ടു പൈങ്കിളി വന്ദ്യ ന്മാരെ വന്ദിച്ച് ശ്രീരാമകഥ പറഞ്ഞുതുടങ്ങുന്നു. കിളിപ്പാട്ടിന്റെ ഛായയിലുള്ള പാട്ടുകൾ എഴുത്തച്ഛന്റെ കാലത്തിനുമുമ്പ് ഉണ്ടായിരുന്നു. വിഷ്ണുഗീത, വൈരാഗ്യ ചന്ദ്രോദയം തുടങ്ങിയവ ഹംസപ്പാട്ടുകളാണ്. പക്ഷേ, ഇതൊരു കാവ്യപ്രസ്ഥാന മാക്കിയത് എഴുത്തച്ഛനാണ്. കവി, ശ്രീരാമകഥ നേരിട്ടു പറയാതെ കിളിയെ ക്കൊണ്ട് പാടിച്ചത് എന്തിനാണ്? ഇതിനെക്കുറിച്ച് വിവിധാഭിപ്രായങ്ങളാണ് നില വിലുള്ളത്. 1. കവിക്ക്[6] അറംപറ്റാതിരിക്കാൻ കിളിയെക്കൊണ്ടു പറയിച്ചു. 2. പുരാണ കാഥികനായ ശുകബ്രഹ്മർഷിയെ[7] അനുസ്മരിപ്പിച്ചു ശുകത്തെക്കൊണ്ട് കഥ പറയിച്ചു 3. ശൂദ്രന് വേദാന്ത വിഷയങ്ങൾ ഉപദേശിക്കാൻ അർഹത ഇല്ലാ ത്തതിനാൽ കവി കിളിയുടെ സഹായം തേടി. 4. സരസ്വതീദേവിയുടെ കൈയി ലിരിക്കുന്ന കിളിയെ അനുസ്മരിച്ച് കിളിയെക്കൊണ്ട് പറയിച്ചു. 5. തമിഴിലെ



പൈങ്കിളിക്കണ്ണി, പരാപരക്കണ്ണി തുടങ്ങിയ വൃത്തങ്ങളെ അനുകരിച്ചാണ് കിളിയെ ക്കൊണ്ട് പറയിച്ചത്. 6. വാല്മീകി രചിച്ച രാമായണകഥ രണ്ട് ആശ്രമശുകങ്ങൾ പാടിനടന്നതായും അത് ബാലികയായ സീത കേട്ടതായും പത്മപുരാണത്തിൽ[8] കാണുന്നു. ഇതനുസ്മരിച്ചാകാം എഴുത്തച്ഛൻ കിളിയെക്കൊണ്ട് കഥ പറയിച്ചത്. ഇവയെല്ലാം വെറും സങ്കല്പങ്ങളാകാം. പക്ഷിമൃഗാദികളെക്കൊണ്ടും സാല ഭഞ്ജികകളെക്കൊണ്ടും കഥ പറയിക്കുന്ന സമ്പ്രദായം പഴയ കാലത്ത് ഭാരത ത്തിൽ നടപ്പിലിരുന്നു. ഇതിന് തെളിവുകളാണ് കാദംബരി,[9] കഥാസരിത്സാഗരം,[10] വിക്രമാദിത്യൻ കഥകൾ[11] എന്നിവ. തമിഴിലെ [12]ശൈവ-വൈഷ്ണവാചാര്യന്മാ രുടെ കൃതികളിൽ കിളി, കുയിൽ, അരയന്നം, വണ്ട് ഇവയെ അഭിസംബോധന ചെയ്യുന്ന പതിവുണ്ട്. 'കിളിവിടുത്ത്[13] എന്നൊരു കവിതാസമ്പ്രദായം ഇന്നും തമിഴിൽ കാണുന്നു. എന്നാൽ ഈ ജീവികൾ കഥ പറയുന്ന സമ്പ്രദായം തമിഴി ലില്ല. അതിനാൽ പറവകളും തിര്യക്കുകളും കഥപറയുന്ന സംസ്കൃതത്തിലെ സമ്പ്രദായമായിരിക്കണം മലയാളത്തിലേയ്ക്ക് പകർന്നത്. ഡോ. കെ. എൻ. എഴു ത്തച്ഛന്റെ അഭിപ്രായത്തിൽ ശുകത്തിന്റെ ശ്രവണസുഖം മുൻനിർത്തിയോ വിവർത്തനം അനുകരണമാണെന്ന ആശയം മുൻനിർത്തിയോ രാമായണാദി കൃതി കൾ കിളിപ്പാട്ടാക്കിയതാകാം.[14] അന്നത്തെ സാമൂഹിക വ്യവസ്ഥയിൽ ആധ്യാത്മി കാശയത്തിന്റെ പ്രതീകമായി കവി ശുകത്തെ കരുതിയതായും വരാം ഏതായാലും ഉദാത്തമായ കവിസങ്കല്പത്തിന്റെ സൃഷ്ടിയാണിത്. കിളിപ്പാട്ടിന് സ്വീകരിച്ച ഭാഷയും വൃത്തവും പ്രത്യേകം ശ്രദ്ധാർഹമാകുന്നു. മണിപ്രവാളഭാഷയ്ക്ക് ദ്രാവിഡച്ഛായ നല്കി പുതുമ പകർന്നത് എഴുത്തച്ഛനാണ്. മലയാളത്തിനു പ്രാധാന്യം നല്കുന്ന, തെളിഞ്ഞ, ചൈതന്യവത്തായ മണിപ്രവാളമാണ് കിളി പ്പാട്ടിലെ ഭാഷ. സംസ്കൃത വൃത്തങ്ങൾ പ്രചാരത്തിലിരുന്ന കാലത്ത് എഴുത്തച്ഛൻ ദ്രാവിഡ വൃത്തങ്ങളിൽ കാവ്യരചന നടത്താൻ തയ്യാറായത് നിസ്സാരകാര്യമല്ല. കിളിപ്പാട്ടു വൃത്തങ്ങളുടെ ഗാനാത്മകതയും വൈവിധ്യവും ജനഹൃദയങ്ങളെ കൂടുതൽ ആകർഷിച്ചു. കേക, കാകളി, കളകാഞ്ചി, അന്നനട, മണികാഞ്ചി എന്നീ വൃത്തങ്ങളാണ് എഴുത്തച്ഛൻ പ്രധാനമായി സ്വീകരിച്ചത്. ഇവയെല്ലാം എഴുത്ത ച്ഛന്റെ സൃഷ്ടികളാണെന്ന അഭിപ്രായം ശരിയല്ല. പ്രാചീന ഗാനങ്ങളിൽ ഇവ യോട് സാമ്യം വഹിക്കുന്ന പല ഗാനങ്ങളുമുണ്ട്. ഭക്തിക്കും അർഥഗാംഭീര്യത്തിനും കാവ്യസൗന്ദര്യത്തിനും യോജിച്ച വൃത്തങ്ങളാണ് എഴുത്തച്ഛൻ സ്വീകരിച്ചത്. കാവ്യത്തിന്റെ ശില്പഘടനയെ സംബന്ധിച്ചിടത്തോളം തനതായൊരു മാർഗം അദ്ദേഹം കണ്ടെത്തി.

### കൃതികൾ

എഴുത്തച്ഛന്റെ പേരിൽ നിസ്സംശയം പതിഞ്ഞിട്ടുള്ള രണ്ടു കൃതികൾ അധ്യാത്മരാമാ യണവും മഹാഭാരതവും ആകുന്നു. ക്രി. വ. പതിന്നാലാം ശതകത്തിൽ ഉണ്ടായ കൃതിയാണ് സംസ്കൃതത്തിലെ അധ്യാത്മരാമായണം. (ഈ കൃതി കപ്രശ്ശേരി അപ്പുണ്ണിക്കയ്മൾ മലയാളത്തിലേക്ക് വൃത്താനുവൃത്തം പരിഭാഷപ്പെടുത്തി യിട്ടുണ്ട്-1978.) അതിന്റെ ഏകദേശ വിവർത്തനമാണ് എഴുത്തച്ഛന്റെ അധ്യാത്മരാ മായണം[15]. കെ. പി. നാരായണപ്പിഷാരോടി എഴുതുന്നു: 'എഴുത്തച്ഛന്റെ അധ്യാത്മ രാമായണം കിളിപ്പാട്ട് എഴുപത്തഞ്ചു ശതമാനവും സംസ്കൃതത്തിലുള്ള അധ്യാത്മ രാമായണത്തിന്റെ പരിഭാഷയാണെങ്കിലും മറ്റു രാമായണങ്ങളിലെ പല ആശയ ങ്ങളും കിളിപ്പാട്ടിൽ എഴുത്തച്ഛൻ കൂട്ടിച്ചേർത്തിട്ടുണ്ട്. ചിലത് ഔചിത്യപൂർവം ഉപേക്ഷിച്ചിട്ടുണ്ട്. ചിലദിക്കിൽ സ്വന്തം മനോധർമം ഉപയോഗിച്ചിട്ടുണ്ട്. മൂല കൃതിയെ അതുപോലെ അനുകരിക്കുകയല്ല എഴുത്തച്ഛൻ. മൂലകാവ്യത്തെ ആധാര ശിലയായിട്ടെ തുഞ്ചത്താചാര്യൻ പരിഗണിച്ചിട്ടുള്ളു. രാമനെ ഉദാത്തവൽകരിച്ച്

ഈശ്വരനായി ഉയർത്തുകയാണ് പരമഭാഗവതനായ എഴുത്തച്ഛന്റെ ലക്ഷ്യം. അതിനാവശ്യമായ ബാഹ്യവും ആന്തരികവും ആയ വസ്തുതകൾ സ്വമേധാ ശക്തിയിലൂടെ എഴുത്തച്ഛൻ രൂപപ്പെടുത്തുകയും ചെയ്തു.' രാമചരിതത്തിൽ വീരരസത്തിന്റെ ഭാവഗാംഭീര്യത്തോടെ തുടക്കം കുറിച്ച മലയാളത്തിലെ രാമകഥാസാഹിത്യം കണ്ണശ്ശരാമായണത്തിൽ ഭക്തിയുടെ നവാന്തരീക്ഷം സൃഷ്ടിച്ച് പുതുമ കൈവരുത്തി. ആ ഭക്തി അതിന്റെ സമസ്തചൈതന്യത്തോടുംകൂടി സമ്പുഷ്ടാവസ്ഥ പ്രാപിച്ചതോ, എഴുത്തച്ഛന്റെ രാമായണത്തിലും. തനിക്ക് ഉപജീവ്യമായിത്തീർന്ന അധ്യാത്മരാമായണം സ്ഫുടംചെയ്ത് ഒരു പുതിയ കാവ്യശില്പം വാർത്തെടുക്കുകയായിരുന്നു, എഴുത്തച്ഛൻ. വാല്മീകിയുടെ തനി മനുഷ്യനായ രാമനെക്കാൾ, എഴുത്തച്ഛന് ആദരണീയനായത് അധ്യാത്മരാമായണ (സംസ്കൃതം)ത്തിലെ രാമനായിരുന്നു. രാമായണം എന്ന പദത്തിന് രാമന്റെ അയനം–മാർഗം–എന്നർഥം. അന്നത്തെ കേരളത്തിലെ സാമൂഹിക ജീവിതത്തെ മുന്നിൽ കണ്ടാകാം വാല്മീകിയിൽ നിന്ന് വ്യത്യസ്തമായി രാമന് ആധ്യാത്മിക മാർഗം എഴുത്തച്ഛൻ നല്കിയത്. പക്ഷേ, അദ്ദേഹം വാല്മീകിയെ ബോധപൂർവം അനുകരിക്കുന്ന ഒട്ടേറെ സന്ദർഭങ്ങൾ രാമായണത്തിലുണ്ട്. താൻ ജീവിക്കുന്ന കാലത്തിന്റെ ഉൾത്തുടിപ്പുകൾ ശരിയായി മനസ്സിലാക്കിയ എഴുത്തച്ഛൻ സാമൂഹിക പുനഃക്രമീകരണത്തിനുതകും വിധം തന്റെ കൃതികളിൽ നൂതനാശയങ്ങൾ ഉൾക്കൊള്ളിക്കാൻ തയ്യാറായി. കലാപൗഷ്കല്യത്തിനല്ല; ഭക്തിക്കാണ് രാമായണത്തിൽ മുൻതൂക്കം. തത്ത്വജ്ഞാനിയും ഈശ്വരഭക്തനും ആയ എഴുത്തച്ഛനെയാണ് രാമായണത്തിൽ നാം കാണുന്നത്. മൂലകൃതിയും എഴുത്തച്ഛന്റെ രാമായണവും തമ്മിലുള്ള സാദൃശ്യം വ്യക്തമാക്കാൻ താഴെ കൊടുക്കുന്ന ഭാഗം ഉപകരിക്കും. വനവാസത്തിനു പോകാൻ സന്നദ്ധനായി നില്ക്കുന്ന രാമനോട് കൗസല്യ പറയുന്നു:

'ഭരതായ പ്രസന്നശ്ചേൽ
രാജ്യം രാജാപ്രയച്ഛതു
കിമർഥം വനവാസായ
ത്വാമാജ്ഞാപയതു പ്രിയം
ത്വയാകിമപരാധം ഹി
കൈകേയ്യവാ നൃപസ്യവാ' (മൂലം) ഈ ഭാഗം
'നാടുവാഴേണം ഭരതനെന്നാകിൽ നീ
കാടുവാഴേണമെന്നുണ്ടോ വിധിമതം.
എന്തുപിഴച്ചിതു കൈകേയിയോടു നീ
ചിന്തിക്ക ഭൂപനോടും കുമാരാ ബലാൽ'

എന്നിപ്രകാരം എഴുത്തച്ഛൻ പരിഭാഷപ്പെടുത്തിയിരിക്കുന്നു. എഴുത്തച്ഛന്റെ കാവ്യഭാവന പീലിവിരിച്ചാടുന്ന ഭാഗമാണല്ലോ അധ്യാത്മരാമായണത്തിലെ സീതാസ്വയംവരവർണന.

'ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ് വന്നു ചേതസി കൗശികനും'

ഇടിവെട്ടുന്നതും രാജാക്കന്മാർ ഉരഗങ്ങളെപ്പോലെ നടുങ്ങുന്നതും മറ്റും മൂലത്തിലില്ല. ഈ വരികൾക്ക് കണ്ണശ്ശരാമായണത്തിലെ,

'നരപാലകർ ചിലരതിനു വിറച്ചാർ,
നലവുടെ ജാനകി സന്തോഷിച്ചാൾ



അരവാദികൾ ഭയമീടുമിടിധ്വനി–
യാൽ മയിലാനന്ദിപ്പതുപോലെ'

എന്ന ഭാഗവുമായുള്ള ബന്ധം സുവ്യക്തം.

'സ്വർണവർണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വർണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണമാലയും ധരിച്ചാദരാൽ മന്ദം മന്ദ–
മർണ്ണോജ നേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പല മാലയുമിട്ടാൾ മുന്നേ,
പിന്നാലെ വരണാർഥ മാലയുമിട്ടീടിനാൾ'
'സൃഷ്ട്യാ പ്രസാദ മാലായാ കുമാരം
പ്രത്യഗ്രഹീത് സംവരണസ്രജേവ'

എന്ന രഘുവംശ ഭാഗമാണ് നേത്രോല്പലമാലയ്ക്കുള്ള പ്രചോദനം എഴുത്തച്ഛന് നല്കിയതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. വനയാത്രാവേളയിൽ സുമിത്ര ലക്ഷ്മണനു നല്കുന്ന ഉപദേശം മൂലത്തിലില്ല. വാല്മീകി രാമായണത്തിലെ

'രാമം ദശരഥം വിദ്ധി
. മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാമടവീം വിദ്ധി
ഗച്ഛതാത യഥാസുഖം'

എന്ന ഭാഗത്തിന്റെ ആശയമാണ് അധ്യാത്മരാമായണത്തിലെ,

'രാമനെ നിത്യം ദശരഥനെന്നുള്ളി–
ലാമോദമോടു നിരുപിച്ചു കൊള്ളണം.
എന്നെ ജനകാത്മജയെന്നുറച്ചുകൊൾ
പിന്നെയയോധ്യയെന്നോർത്തീടടവിയെ'

എന്ന സുമിത്രോപദേശം. 'ദദാഹ ലങ്കാമഖിലം സാട്ടപ്രസാദ തോരണാം' എന്ന ശുഷ്കമായ മൂലവാക്യത്തെ

'അനല ശിഖകളുമനിലസുത ഹൃദയവും തെളി–
ഞ്ഞാഹന്ത വിഷ്ണുപദം ഗമിച്ചു തദാ
വിബുധപതിയൊടു നിശിചരാലയം വെന്തൊരു
വൃത്താന്തമെല്ലാമറിയിച്ചു കൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക–
ളംബരത്തോളമുയർന്നു ചെന്നൂ മുദാ'

എന്നിപ്രകാരം തീവ്രപ്രകാശത്തോടെ ആവിഷ്കരിക്കാൻ എഴുത്തച്ഛന് സാധിച്ചിരിക്കുന്നു. ഉണങ്ങി വരണ്ടുപോയ കേരളീയ ചിന്തയിൽ ജീവിതബോധത്തിന്റെ തെളിനീരൊഴുക്കി പുതു ചൈതന്യം പ്രസരിപ്പിച്ചത് അധ്യാത്മരാമായണമാണ്. കുടിൽ മുതൽ കൊട്ടാരം വരെ വ്യാപകമായി പ്രചരിച്ച് കേരളീയരെ വൈചാരികമായും സാംസ്കാരികമായും ആധ്യാത്മികമായും ഒന്നാക്കിത്തീർക്കാൻ വഴിയൊരുക്കിയ കൃതിയും ഇതുതന്നെ. ഹൈന്ദവ ഗൃഹങ്ങളിലെ നിത്യപാരായണ ഗ്രന്ഥമായി മാറി, രാമായണം. സാക്ഷരരായ ജനങ്ങൾ രാമായണകാവ്യം പാരായണം ചെയ്തും നിരക്ഷരർ പാരായണം ശ്രവിച്ചും സാമൂഹിക ബോധത്തിന്റെയും സംസ്കാരത്തിന്റെയും പുതിയ തലങ്ങളിലേക്ക് കടന്നുചെന്നു. അധ്യാത്മരാമായണത്തിലൂടെ വാർന്നുവീണ ജീവിതമാതൃകകളും ജീവിത ബന്ധികളായ ആശയങ്ങളുമാണ് ഇതിനു കാരണമായത്. ദിവ്യമന്ത്രങ്ങൾ പോലെ ജനങ്ങൾ രാമായണത്തിലെ വരികൾ ഉരുവിട്ടു പഠിക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്തു. അങ്ങനെ ആഴത്തിലും പരപ്പിലും ഒഴുകിനീങ്ങിയ രാമായണ സംസ്കാരം

ജനങ്ങളെ ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്തു. മാനസികവും ആത്മീയവും ആയ തളർച്ചയിൽനിന്ന് ജനങ്ങളെ ഒന്നാകെ മോചിപ്പിക്കാൻ അന്നുതകിയത് രാമായണകാവ്യമായിരുന്നു. ഇന്ത്യയിൽ മാത്രമല്ല രാമായണത്തിന് പ്രചാരം. ഏഷ്യൻ രാഷ്ട്രങ്ങളിൽ ഒട്ടേറെ രാമായണങ്ങൾ പ്രചാരത്തിലുണ്ട്-ടിബറ്റ്, ബർമ, ഇന്തോ ചൈന, മലയാ, സിലോൺ തുടങ്ങിയ രാഷ്ട്രങ്ങളിലെ സാഹിത്യസമ്പത്തുകളിൽ മികച്ചതാണ് രാമായണം. ബുദ്ധ ജൈന മതാദർശങ്ങളുടെ സ്വാധീനം രാമകഥയ്ക്ക് പുതിയ മാനങ്ങൾ നല്കിയിട്ടുണ്ട്. രാമകഥയെക്കുറിച്ചുള്ള ഏറ്റവും മികച്ച പഠന ഗവേഷണ ഗ്രന്ഥമാണ് ഫാദർ കാമിൽ ബുൽക്കെയുടെ 'രാമകഥ.'[76] ബൃഹത്തും മൗലികവുമായ ഈ പഠനഗ്രന്ഥത്തിൽ പ്രാചീന രാമകഥാസാഹിത്യം, രാമകഥയുടെ ഉൽപത്തി, ആധുനിക രാമായണ സാഹിത്യത്തിന്റെ സിംഹാവലോകനം, രാമകഥയുടെ വളർച്ച എന്നീ നാലു ഭാഗങ്ങളിലായി ഇരുപത്തൊന്ന് അധ്യായങ്ങളുണ്ട്. ഭാരതീയ സംസ്കാരത്തിന്റെ മൂലസ്രോതസ്സാണ് രാമായണം. ആ നിലയിൽ രാമകഥയുടെ പ്രസക്തിയും വ്യാപകത്വവും, വിദേശ ഭാഷകളിൽ അതിന്റെ പ്രസിദ്ധിയും വളരെ ശ്രദ്ധേയമാകുന്നു. വാല്മീകി രാമായണത്തെയും വിദേശ ഭാഷകളിലുള്ള രാമായണഗ്രന്ഥങ്ങളെയും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള വിശദവും വിദഗ്ധവുമായ പഠനഗ്രന്ഥമാണ് കാമിൽ ബുൽക്കെയുടെ ഹിന്ദിയിലെഴുതിയ രാമകഥ. പ്രശസ്ത ഹിന്ദി പണ്ഡിതനും കവിയുമായ അഭയദേവാണ് ഈ പ്രൗഢവും വിശിഷ്ടവുമായ ഗ്രന്ഥം മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്.

വിവിധ ദേശങ്ങളിലും ഭാഷകളിലുമായി മുന്നൂറോളം രാമായണങ്ങൾ ഉണ്ട്. ഇത്രയേറെ വൈവിധ്യവും വ്യാപകത്വമുള്ള ഇതിഹാസകാവ്യം വേറെയില്ല. ലോകസാഹിത്യത്തിൽ രാമായണത്തിനുള്ള സ്വാധീനം വളരെ വ്യക്തം.

**വയനാടൻ രാമായണം:** വായ്മൊഴിയായും വരമൊഴിയായും അനേകം രാമായണങ്ങൾ പ്രചാരത്തിലുണ്ട്. രാമായണപഠിതാക്കളെല്ലാം പൊതുവേ ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. ഇന്ത്യയിൽ മാത്രമല്ല രാമായണകഥ പ്രചരിച്ചിരിക്കുന്നത്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ, വിവിധ ഭാഷകളിൽ രാമായണകഥ ജനജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ, വിശ്വസംസ്കാരസ്രോതസ്സുകളിൽ അതിപ്രധാനമായ ഒന്നാണ് രാമായണം. രാമായണകഥ വിവിധ രൂപങ്ങളിൽ വായ്മൊഴിയായി വയനാട്ടിലെ ആദ്യവാസി സമൂഹങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു എന്ന ചരിത്രയാഥാർഥ്യവും കീഴാളവർഗത്തിന്റെ സാംസ്കാരിക പാരമ്പര്യവും പ്രബുദ്ധതയും വിളിച്ചറിയിക്കുന്നു വയനാടൻ രാമായണം. രാമായണസംബന്ധമായ ഈ അമൂല്യവിവരങ്ങൾ അന്വേഷിച്ച് കണ്ടെത്തി അടിയാളവർഗചരിത്രത്തിനും നാടോടിസംസ്കാരത്തിനും പുതിയ വെളിച്ചം നല്കിയത് പ്രശസ്ത ഗവേഷകനായ *ഡോ. അസീസ് തരുവണയാണ്. ദീർഘകാലത്തെ നിസ്തന്ദ്രമായ ഗവേഷണ-പഠനത്തിന്റെ സാഫല്യമാണ് ഈ ഗ്രന്ഥം. വായ്മൊഴിരാമായണത്തെക്കുറിച്ചുള്ള മലയാളത്തിലെ ആദ്യത്തെ പഠനഗ്രന്ഥമാണിത്. രണ്ടു ഭാഗമുള്ള ഗ്രന്ഥത്തിൽ ഒന്നാം ഭാഗത്ത് വയനാടും രാമായണവും എന്ന വിഷയവും രണ്ടാം ഭാഗത്ത് രാമായണത്തിന്റെ ബഹുസ്വരതയും പ്രതിപാദിക്കുന്നു. വയനാട്ടിൽ പ്രചരിച്ചിരുന്ന അടിമരാമായണത്തിലെയും ചെട്ടിരാമായണത്തിലെയും കഥകൾ ആദ്യം വിവരിക്കുന്നു. രാമൻ, സീത, ലവൻ, കുശൻ, ലക്ഷ്മണൻ, ഹനൂമാൻ, രാവണൻ, വാല്മീകി തുടങ്ങി പ്രധാന കഥാപാത്രങ്ങൾ ഒരുപോലെയാണെങ്കിലും കഥയിലെ ചില അംശങ്ങളിൽ നേരിയ വ്യത്യാസം കാണാം.

* വയനാടൻ രാമായണം (രണ്ടാം പതിപ്പ്)–ഡോ. അസീസ് തരുവണ, മാതൃഭൂമി ബുക്സ്



വാല്മീകി രാമായണത്തിൽ വിവരിക്കുന്ന പ്രധാന സ്ഥലങ്ങളെല്ലാം വയനാട്ടിലുമുണ്ട്. വയനാട്ടിലെ ആദിവാസികളുമായി ബന്ധപ്പെട്ടവരും അവരുടെ ജീവിതതനിമയുമായി ഇഴുകിച്ചേർന്നവരുമാണ് കഥാപാത്രങ്ങൾ. പുൽപ്പള്ളിയും പരിസരവും പ്രധാന കഥാകേന്ദ്രം. ആശ്രമംകൊല്ലി, അമ്പുകുത്തി, തിരുനെല്ലി, മാനന്തവാടി, പൊൻകുഴി, ശശിമല, ജടയറ്റകര, പൂതാടി തുടങ്ങി വയനാട്ടിലെ ഒട്ടേറെ സ്ഥലങ്ങൾ രാമായണകഥയിൽ പരാമർശിക്കുന്നുണ്ട്. പലയിടത്തുമുള്ള ക്ഷേത്രങ്ങൾ രാമായണകഥാപാത്രങ്ങളുടെ പേരിലുള്ളവയാണ്. മുതിർന്ന ഒട്ടനവധി ആദിവാസികളിൽനിന്ന് വായ്മൊഴിയായി ശേഖരിച്ചതാണ് വിവരങ്ങൾ അത്രയും. ഇതിന്റെ പിന്നിലെ അധ്വാനം ഊഹിക്കാവുന്നതേയുള്ളൂ. വയനാട്ടിലെ ആദിവാസി ജീവിതവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്ന രാമായണം എന്ന ഐതിഹ്യം സമൂഹചരിത്രനിർമ്മിതിക്ക് സഹായകരമാണ്. പ്രാന്തവൽക്കരിച്ചിരുന്ന കീഴാളവർഗത്തിന്റെ .സാംസ്കാരികചരിത്രം പൊളിച്ചെഴുതുന്ന പഠനമാണിത്. മേലാള സംസ്കാരമല്ല; കീഴാളസംസ്കാരമാണ് സമൂഹത്തിന്റെ അന്തഃശക്തിയെന്ന് ബോധ്യപ്പെടുത്താൻ ഈ ചരിത്രവസ്തുതകൾക്കു കഴിയുന്നു. ശ്രീരാമൻ, സീതാന്വേഷണത്തിന് ലങ്കയിലേക്ക് പോകുന്നത് വയനാടൻ പ്രദേശങ്ങളിൽ കൂടിയാണ്. ഈ യാത്രാവിവരണം ഭൂമിശാസ്ത്രപരമായ അറിവ് നല്കുന്നു.

ഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്ത് രാമായണത്തിന്റെ ബഹുസ്വരത, വിദേശരാമായണങ്ങൾ, ബൗദ്ധ-ജൈന രാമായണങ്ങൾ, മുസ്ലിംകളും രാമായണവും മുതലായ വിഷയങ്ങൾ പ്രതിപാദിക്കുന്നു. എല്ലാം ചരിത്രപരവും സാംസ്കാരികവുമായ വിശകലനങ്ങളാണ്. വാസ്തവത്തിൽ രാമായണത്തിന്റെ പ്രശസ്തിയും പ്രാമാണ്യവും അതിന്റെ ബഹുസ്വരതയിൽ അന്തർഭവിച്ചിരിക്കുന്നു. ബഹുസ്വരത, ജനകീയ ജീവിതബോധത്തിന്റെയും സംസ്കാരത്തിന്റെയും വ്യാപനമാണ് വ്യക്തമാക്കുന്നത്. ഗോത്രവർഗക്കാരനായ വാല്മീകി രചിച്ച രാമായണം ഗോത്രസംസ്കൃതിയുടെ മുഖ്യധാരയായി പരന്നൊഴുകിയ ചരിത്രവസ്തുത എല്ലാ വിജ്ഞാനശാഖകൾക്കും കൂടുതൽ പഠിക്കാനുള്ള വഴി ഒരുക്കുന്നു. രാമായണത്തിന്റെ മേലുള്ള അധീശമേൽക്കോയ്മ ഇത്തരം രാമായണപഠനങ്ങൾ തകർക്കുന്നു. അതുതന്നെയുമല്ല, അധീശ-മേലാളവർഗസംസ്കാരത്തിനെതിരെ, അവർ ഉയർത്തിപ്പിടിച്ച സംസ്കാരസ്രോതസ്സ് ഉപയോഗിച്ചുതന്നെ കീഴാളർ ബദൽസംസ്കാരം പച്ചമണ്ണിന്റെ തനിമയോടുകൂടി രൂപപ്പെടുത്തി വളർത്തിയിരുന്നു എന്നത് ചരിത്രരേഖയാണ്. ഡോ. അസീസ് തരുവണയുടെ തളരാത്ത കർമശേഷിയും പഠനശുഷ്കാന്തിയും അന്വേഷണതാൽപര്യവും ചരിത്രത്തിന്റെ മറവിൽ കിടന്ന ആദിവാസി രാമായണസംസ്കാരം പുനർജനിക്കാൻ കാരണമായി. രാമായണപഠനത്തിന് അർഥവത്തും കാലത്തിന് അനിവാര്യവുമായ സംഭാവനയാണ് വയനാടൻ രാമായണം നല്കുന്നത്.

ഒരു ലക്ഷത്തി ഇരുപതിനായിരം പദ്യങ്ങളുള്ള വ്യാസഭാരതത്തിന്റെ സ്വതന്ത്ര വിവർത്തനമാണ് എഴുത്തച്ഛന്റെ മഹാഭാരതം. യഥാർഥ ജീവിതബോധം ഉൾക്കൊണ്ട പ്രതിഭാധനനായ കവിയായി എഴുത്തച്ഛൻ പ്രത്യക്ഷപ്പെടുന്നത് മഹാഭാരതത്തിലാണ്. ആചാര്യന്റെ കവിത്വത്തിന്റെ പരമോൽകൃഷ്ടമായ നിദർശനവും ഈ കൃതിയാകുന്നു. രാമായണം പോലെ നിത്യപാരായണ കാവ്യമായില്ലെങ്കിൽ പോലും അതിനെ അപേക്ഷിച്ച് കൂടുതൽ സ്വതന്ത്രവും കാവ്യഗുണപ്രധാനവും ശില്പഭദ്രവും ആയ കൃതിയാണ് ഭാരതം. വിശ്വസാഹിത്യത്തിലെ അത്യുജ്വല കൃതികളിൽ ഒന്നായ വേദവ്യാസന്റെ മഹാഭാരതം മലയാളികൾക്ക് ആദ്യം പരിചയപ്പെടുത്തിക്കൊടുത്തത് നിരണം കവികളിൽ ഒരാളായ ശങ്കരപ്പണിക്കരായിരുന്നു. അഭികാമ്യമായ ആ പരിശ്രമം കാവ്യാത്മാവിന്റെ അഗാധവും അത്യുൽകൃഷ്ടവും ആയ തലങ്ങൾ സ്പർശിച്ച് സമ്പൂർണഭാവം കൈക്കൊണ്ടത്

എഴുത്തച്ഛന്റെ മഹാഭാരതത്തിലാണ്. ജനങ്ങളുടെ ആത്മീയവും ഭൗതികവും ആയ ജീവിതത്തിന് കാവ്യാത്മക രൂപം നല്കി ഉദാത്തവൽകരിച്ച കൃതിയാണ് മഹാഭാരതം. ജനങ്ങളുമായി ഈ കൃതി തന്മയീഭവിച്ചു. അതുകൊണ്ടാണല്ലോ മഹാഭാരതം വായിച്ചാൽ കുടുംബത്തിൽ അന്തച്ഛിദ്രം ഉണ്ടാകുമെന്ന അന്ധവിശ്വാസം ഉറച്ചത്. സംഘർഷാത്മകമായ മനുഷ്യജീവിതത്തിന്റെ ത്രസിപ്പ് ഉചിതഗൗരവത്തോടെ ആവിഷ്കരിക്കുന്ന ഭാരതം മഹത്തായ ഒരു കാവ്യപ്രപഞ്ചം വിരചിക്കുകയും ചെയ്യുന്നു. ജീവിതം ക്രമീകരിച്ച് ശ്രീരാമപാദം പ്രാപിക്കാനുള്ള ഉപദേശങ്ങളാണ് പ്രത്യക്ഷമായും പരോക്ഷമായും രാമായണത്തിലുള്ളത്. അതേസമയം ആന്തരികവും ബാഹ്യവും ആയ ജീവിതസംഘർഷങ്ങളുടെ ശക്തിഭാവങ്ങളാണ് മഹാഭാരതത്തിൽ മുറ്റിത്തഴച്ചു നില്ക്കുന്നത്. മനുഷ്യചേതനയുടെ സൂക്ഷ്മാംശങ്ങൾ ആവിഷ്കരിക്കുന്നതിൽ എഴുത്തച്ഛനുള്ള നിരതിശയമായ കഴിവിന്റെ ഉത്തമോദാഹരണം കൂടിയാണ് മഹാഭാരതം. ഭാവോജ്വലതപോലെ ശില്പസംവിധാനത്തിലും മികച്ചതാണ് മഹാഭാരതം. രസാവിഷ്കരണമാകട്ടെ കാവ്യകലയുടെ മർമ സ്ഥാനങ്ങൾ പുൽകി നില്ക്കുന്നു. ഉദ്വേഗജനകമായ രംഗങ്ങൾ ചിത്രീകരിക്കാനുള്ള എഴുത്തച്ഛന്റെ അസാധാരണ പാടവം വ്യക്തമാക്കുന്ന വളരെയേറെ ഭാഗങ്ങൾ ഭാരതത്തിലുണ്ട്. 'വാരിധിതന്നിൽ തിരമാലകളെന്ന പോലെ' അനർഗളം, അതിതീക്ഷ്ണം വാർന്നു വീഴുന്ന മഹാഭാരതത്തിലെ ഭാഷ ഭാവതലങ്ങൾ ചേതോഹരമാക്കുന്നു. ജീവിതാനുഭവങ്ങളിൽ നിന്നുരുത്തിരിയുന്ന യുക്തിഭദ്രമായ നൂതനാശയങ്ങൾ ദാർശനികമായ സമചിത്തതയോടെ പ്രത്യക്ഷീകരിക്കുമ്പോൾ, തികച്ചും മനുഷ്യസ്നേഹമാണ് എഴുത്തച്ഛനിൽ നിറഞ്ഞു നില്ക്കുന്നത്.

ഭാഗവതം കിളിപ്പാട്ട് എഴുത്തച്ഛന്റേതാണെന്ന വിശ്വാസമുണ്ട്. പക്ഷേ, അതിൽ എണ്ണിയാലൊടുങ്ങാത്ത അപശബ്ദപ്രയോഗങ്ങളും അബദ്ധപ്രയോഗങ്ങളും കാണുന്നു. മാത്രമല്ല വിവർത്തന വൈകല്യങ്ങളും ധാരാളമാണ്. ഇക്കാരണങ്ങളാൽ എഴുത്തച്ഛൻ രചിച്ചതാകില്ല ഭാഗവതം എന്ന പ്രബലമായ അഭിപ്രായം നിലവിലുണ്ട്. എഴുത്തച്ഛൻ യുവാവായിരുന്നപ്പോഴോ വാർധക്യത്തിന്റെ പിടിയിലകപ്പെട്ടപ്പോഴോ രചിച്ചതാകാം ഈ കൃതിയെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഉള്ളൂരിന്റെ അഭിപ്രായത്തിൽ ഭാഗവതത്തിലെ ഏതാനും ഭാഗങ്ങൾ എഴുത്തച്ഛന്റേയും ബാക്കി ഭാഗങ്ങൾ ശിഷ്യന്മാരുടേതുമാണ്. ശ്രീകൃഷ്ണകഥയാണ് പ്രമേയം. ഭക്തിയിൽ രാമായണത്തിന്റെ തൊട്ടുതാഴെയാണ് ഭാഗവതത്തിന് സ്ഥാനം. അതിനാൽ ഭാരതത്തെക്കാളേറെ ജനങ്ങളെ വശീകരിച്ചത് ഭാഗവതമത്രേ. ഭാഗവതപാരായണം ദൈവികമായ വിശേഷകർമമായി ഇന്നും ഹിന്ദുക്കൾ കരുതിപ്പോരുന്നു. മനുഷ്യരുടെ ഭിന്നതാൽപര്യങ്ങൾ തൃപ്തിപ്പെടുത്താൻ ഉതകുന്നതാണല്ലോ ശ്രീകൃഷ്ണ കഥ. അതിനാൽ തേച്ചുമിനുക്കിയെടുത്ത ഭക്തി സന്നിവേശിപ്പിച്ചപ്പോൾ ഉളവായ പാവനമായ അവസ്ഥാവിശേഷമാണ് ഈ കൃതി ജനങ്ങളെ ആകർഷിക്കാൻ കാരണമായത്. ഉപനിഷത്സാരമാണ് ഹരിനാമകീർത്തനം: ജ്ഞാനവും ഭക്തിയും ഒരേ അളവിൽ അതിൽ സമ്മേളിക്കുന്നു. ഒരു ദിവ്യസങ്കീർത്തനമായി ജനങ്ങൾ ഹരിനാമകീർത്തനം കൊണ്ടാടി. ഈ കൃതിയിലെ വേദാന്ത ചിന്തകളും ഭക്തി ഭാവങ്ങളും ഇവ ആവിഷ്കരിക്കാൻ സ്വീകരിച്ച വൃത്തവും ആത്മോത്തേജകമായി അനുഭവപ്പെട്ടു, ഭക്തന്മാർക്ക്. വേദാന്തസംസ്കാരത്തിന്റെ കേവലസത്യങ്ങളിലേയ്ക്ക് കടന്നുചെല്ലാൻ കേരളീയരെ ഉദ്ബോധിപ്പിച്ച കൃതിയാണ് ഹരിനാമകീർത്തനം. 'തത്ത്വദീപിക' എന്ന വ്യാഖ്യാനം എഴുതി ഡോ. പി.കെ. നാരായണപിള്ളയും 'ശിവാരവിന്ദം' എന്ന വ്യാഖ്യാനത്തോടെ ജി. ബാലകൃഷ്ണൻ നായരും ഹരിനാമകീർത്തനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എഴുത്തച്ഛൻ തന്റെ മകൾക്കോ മരുമകൾക്കോ നല്കിയ ഉപദേശങ്ങളാണ് 'ചിന്താരത്ന'ത്തി



ലടങ്ങിയിരിക്കുന്നതെന്നൊരൈതിഹ്യം പ്രചരിച്ചിട്ടുണ്ട്. ഉപനിഷത്തുകളുടെയും ഗീതയുടെയും സാരസംഗ്രഹമാണ് അതിലുള്ളത്. സ്ത്രീകൾക്കും വ്യുല്പന്നരല്ലാത്ത പുരുഷന്മാർക്കും അദ്വൈതതത്ത്വങ്ങൾ സുഗ്രഹമാക്കുന്നതിനാണ് ചിന്താരത്നം രചിച്ചതെന്നു പറയുന്നു. താരതമ്യേന കാവ്യഗുണവും ഉൾക്കനവും കുറഞ്ഞ കൃതിയാണ് രാമായണം ഇരുപത്തിനാലുവൃത്തം. എഴുത്തച്ഛന്റെ കാവ്യസംസ്കാരവുമായി വളരെ അകന്നാണ് ഈ കൃതി നിലകൊള്ളുന്നതെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു. എന്നാൽ സാധാരണക്കാരുടെ ഇടയിൽ-പ്രത്യേകിച്ച് സ്ത്രീസമൂഹത്തിൽ-വളരെയേറെ പ്രചാരം സിദ്ധിച്ച കൃതിയാണിത്. അന്യാശയങ്ങളുടെ അപഹരണത്തിന് തെളിവായ ഇരുപത്തിനാലുവൃത്തത്തിന്റെ കർത്തൃത്വം എഴുത്തച്ഛന്റെ മേൽ കെട്ടിവയ്ക്കുന്നതു ശരിയല്ല.

**പശ്ചാത്തലം**

എഴുത്തച്ഛന്റെ ജീവിതം മലയാള സാഹിത്യത്തിൽ മാത്രമല്ല കേരളീയ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും സുപ്രധാനമായ വഴിത്തിരിവിനെ കുറിക്കുന്നു. ഇതിന്നാധാരമായ സാഹചര്യങ്ങൾ ഓരോന്നും പരിശോധിക്കണം. കാരണം കാലത്തിന്റെ സൃഷ്ടിയാണ് ഉത്തമകവി. ഈ കവിതന്നെ പുതിയ കാലത്തിന്റെ സ്രഷ്ടാവായി മാറുകയും ചെയ്യുന്നു. എഴുത്തച്ഛന്റെ കാലത്തെ സാമൂഹികഘടന ചരിത്രപരമായ വിശകലനം അർഹിക്കുന്നു. നമ്പൂതിരിമാർക്കായിരുന്നു സർവാധിപത്യം. അവരുടെ മേൽക്കോയ്മ അംഗീകരിച്ചാണ് ത്രൈവർണികരിലെ ഇതര വിഭാഗങ്ങൾ (ക്ഷത്രിയ, വൈശ്യ, ശൂദ്രന്മാർ) ജീവിച്ചുവന്നത്. മതപരവും വിദ്യാഭ്യാസപരവും ആയ അവകാശങ്ങൾ സാമാന്യജനങ്ങൾക്ക് നിഷേധിച്ചിരുന്നു. ഇങ്ങനെ സാംസ്കാരിക രംഗത്തുനിന്ന് അകറ്റി നിർത്തിയ ജനങ്ങളായിരുന്നു അധികവും. സാമൂഹിക ഘടനയിലെ താഴത്തെ പടിയിൽ ജീവിച്ചിരുന്ന ഇക്കൂട്ടർ ഒരിറ്റു വെളിച്ചത്തിനുവേണ്ടി ദാഹിച്ചു. നമ്പൂതിരി ജന്മിമാരെയും നായർ മാടമ്പിമാരെയും ആശ്രയിക്കാതെ ആർക്കും ജീവിക്കാൻ സാധിക്കുമായിരുന്നില്ല. നാടുവാഴിത്തം അതിന്റെ കുന്തമുനകൾക്ക് മൂർച്ച കൂട്ടിക്കൊണ്ടിരുന്നു. ദേവദാസിമാരുടെ പ്രാബല്യം അസ്തമിച്ചിരുന്നില്ല. സദാചാരരഹിതമായ ജീവിതത്തിന് ക്ഷേത്രങ്ങളും അവയെ അടക്കിഭരിച്ചിരുന്ന മേലാള വിഭാഗവും കൈയയച്ച് പ്രോത്സാഹനം നല്കി. രാഷ്ട്രീയ സ്ഥിതിയോ? കുലശേഖര സാമ്രാജ്യം ഇതിനകം തകർന്നിരുന്നു. കേരളം ഛിന്നഭിന്നമായി കൊച്ചുകൊച്ചു രാജ്യങ്ങൾ ഉദയംകൊണ്ടു. വേണാട്, ഓടനാട്, പെരുമ്പടപ്പു സ്വരൂപം (കൊച്ചി), നെടിയിരുപ്പു സ്വരൂപം (കോഴിക്കോട്-സാമൂതിരി) കോലത്തിരി എന്നിവയൊക്കെ ഉദാഹരണങ്ങൾ. ഇവിടങ്ങളിലെല്ലാം പ്രഭുക്കന്മാരും ഇടപ്രഭുക്കന്മാരും ആധിപത്യം ഉറപ്പിച്ചുകൊണ്ടിരുന്നു. ഈ രാജ്യങ്ങൾ തമ്മിലുള്ള കിടമത്സരങ്ങൾ നാൾക്കുനാൾ വർധിച്ചുവന്നു. യുദ്ധഭീതി ഒഴിഞ്ഞ ദിവസങ്ങൾ നന്നെ ചുരുക്കം. ഈയവസരത്തിലാണ് വിദേശികൾ കേരളത്തിൽ വന്നത്. 1498 മെയ് 17-ന് പോർട്ടുഗീസുകാരനായ വാസ്കോഡഗാമ കോഴിക്കോടിന് വടക്കുഭാഗത്ത് കാപ്പാട് കപ്പലിറങ്ങി. തുടർന്ന് പോർട്ടുഗീസുകാർ ഒന്നര നൂറ്റാണ്ടോളം പലതരത്തിൽ കേരളത്തിൽ ആധിപത്യം ചെലുത്തി. കേരളചരിത്രത്തെ മാത്രമല്ല, കേരളീയ സംസ്കാരത്തെക്കൂടി സ്വാധീനിച്ച മുഖ്യഘടകമാണ് പോർട്ടുഗീസുകാരുടെ ആധിപത്യം. രാജാക്കന്മാർ തമ്മിലുള്ള മത്സരങ്ങൾ പോർട്ടുഗീസുകാർക്ക് കേരളീയ ജീവിതത്തിൽ നുഴഞ്ഞുകയറാനുള്ള പഴുതുണ്ടാക്കിക്കൊടുത്തു. തരംപോലെ അവർ രാജാക്കന്മാരുമായി ഇണങ്ങുകയും പിണങ്ങുകയും ചെയ്തു. എവിടെയും നേട്ടം അവർക്കുതന്നെ. നാട്ടുകാരെ പലവിധത്തിൽ ദ്രോഹിച്ചു. പാവപ്പെട്ട കേരളീയരെ പിടികൂടി അടിമകളാക്കി വിദേശങ്ങളിൽ കൊണ്ടുപോയി വിറ്റു. ക്ഷേത്രങ്ങൾ കൊള്ളചെയ്തു. നമ്പൂതിരി